2009
സെപ്റ്റംബർ
11
വെള്ളി

# കേരളകൗമുദി

www.keralakaumudi.com

തിരുവനന്തപുരം | കൊല്ലം | ആലപ്പുഴ | കോട്ടയം | കൊച്ചി | തൃശൂർ | കോഴിക്കോട് | കണ്ണൂർ | ബാംഗ്ലൂർ

മലപ്പുറം



# എന്നും ജനമനസ്സിൽ



പാണക്കാട് സയ്യിദ്
ബഷീറലി ശിഹാബ് തങ്ങൾ

നാൽപ്പതാം നാളിലും ഇന്നലെയും ഉപ്പ കൂടെയുണ്ടായിരുന്നുവെന്ന തോന്നലാണ് മൂത്തമകൻ ബഷീറലി ശിഹാബ് തങ്ങളിന്. നാട്ടിനും പ്രസ്ഥാനത്തിനും മാത്രമല്ല കുടുംബത്തിനും ഒരു റോൾ മോഡലായിരുന്നു ബാപ്പ. ബാപ്പയെ അനുകരിക്കാനും അദ്ദേഹത്തിന്റെ ഗുണങ്ങൾ ഉൾക്കൊള്ളാനും ഉള്ള ശ്രമങ്ങളാണ് ഞങ്ങൾ നടത്തുന്നത്. അനുകരിക്കാൻ കഴിയുന്നതിലും അപ്പുറം മഹത്വമേറിയതായിരുന്നു ബാപ്പയുടെ വ്യക്തിത്വം. ഒരു രാഷ്ട്രീയ നേതാവോ മതാചാര്യനോ മാത്രമായിരുന്നില്ല ബാപ്പ. പ്രകൃതിയെ സ്നേഹിക്കുന്ന മനസ്സും അറബി സംഗീതത്തെ ഇഷ്ടപ്പെടുന്ന ഹൃദയവും പുസ്തകങ്ങളെ ആകർഷിക്കുന്ന ബുദ്ധിവൈഭവവും ബാപ്പയുടെ കൂടപ്പിറപ്പായിരുന്നു. തിരക്കുകളിൽ നിന്ന് ഒഴിഞ്ഞുമാറി പലപ്പോഴും പറമ്പിലെ ചെടികളോടും പൂക്കളോടും എന്തോ അദ്ദേഹത്തിന് സംവദിക്കാൻ കഴിയുന്നതുപോലെ ഞങ്ങൾക്ക് തോന്നിയിരുന്നു. വീട്ടിലെത്തിയാൽ ബാപ്പ ഒരു നേതാവായിരുന്നില്ല. പറമ്പിലെ പച്ചക്കറികളെയും തൈകളെയുമൊക്കെ പരിലാളിക്കുന്ന ഒരു വീട്ടുകാരണവർ. പ്രകൃതിയായിരുന്നു ബാപ്പയുടെ ലോകം. ഒരു പക്ഷെ ലോകത്തിന് ബാപ്പ നൽകിയിരുന്ന ശാന്തിയും സമാധാനവുമൊക്കെ ബാപ്പയ്ക്ക് കിട്ടിയിരുന്നത് പ്രകൃതിയിൽ നിന്നായിരിക്കും.

അറബിസംഗീതത്തിനോട് വല്ലാത്ത ഇഷ്ടമായിരുന്നു ബാപ്പയ്ക്ക്. രാഷ്ട്രീയക്കാർക്കും മതാചാര്യന്മാർക്കും ഒരു പക്ഷെ ലഭിക്കാത്ത സൗഭാഗ്യം. പ്രകൃതിയും പാട്ടും കഴിഞ്ഞാൽ പിന്നെ ബാപ്പ പുസ്തകത്തിന്റെ ലോകത്തായിരിക്കും. രാഷ്ട്രീയ ചുമതലകൾ തലയിൽ വന്നുപെട്ടില്ലായിരുന്നെങ്കിൽ നല്ലൊരു എഴുത്തുകാരനെ നമുക്ക് നഷ്ടപ്പെടില്ലായിരുന്നു. എന്നിട്ടും തിരക്കുകളിൽ നിന്നൊഴിഞ്ഞ് ബാപ്പ ഒരുപാടെഴുതി. അതിൽകൂടുതൽ വായിച്ചു.

മറ്റുള്ളവരോടുള്ള സമീപനമാണ് ഇതിനേക്കാൾ കൂടുതൽ എന്നെ ആകർഷിച്ചത്. പല മുസ്‌ലീം രാഷ്ട്രങ്ങളിലെയും ഭരണാധികാരികളുമായി ബാപ്പയ്ക്ക് നല്ല ബന്ധമുണ്ടായിരുന്നു. രാഷ്ട്രത്തലവന്മാരുമായുള്ള ബന്ധം നിലനിർത്തുമ്പോഴും അയൽപ്പക്കത്തുള്ള സാധാരണക്കാരനെ ഉപ്പ മറന്നിരുന്നില്ല. ഇടയ്ക്കിടെ അവരോട് ക്ഷേമാന്വേഷണം നടത്തുവാനും ബാപ്പ സമയം കണ്ടെത്തിയിരുന്നു. സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്നവരെ സഹായിക്കാനും അല്ലെങ്കിൽ അതിനുള്ള ഏർപ്പാടുകൾ ചെയ്യാനും ഉപ്പ ഒരിക്കലും മറന്നില്ല.

കുടുംബത്തോടുള്ള ബാപ്പയുടെ സമീപനവും അങ്ങിനെതന്നെ. എല്ലാവരും ഒരുമിച്ച് ഒറ്റക്കെട്ടായി പോവണമെന്നുള്ള അഭിപ്രായക്കാരനായിരുന്നു ബാപ്പ. എല്ലാവരോടും കാര്യങ്ങൾ ചർച്ച ചെയ്തിരുന്നു. അവിടെ വലിപ്പ ചെറുപ്പങ്ങൾ കാണിക്കില്ല.

(ശേഷം പേജ് രണ്ട്)



കെ. ടി. മുഹമ്മദ് റബീഉള്ള
ഷിഫ അൽ ജസീറ ഗ്രൂപ്പ് ചെയർമാൻ

## മങ്ങാതെ, ഈ സ്നേഹത്തിന്റെ പ്രകാശം

പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ കൊളുത്തിയ സ്നേഹത്തിന്റെ പ്രകാശം നമുക്കു ചുറ്റും ഒരിക്കലും മങ്ങാതെ നിൽക്കുകയാണ്. ലോകത്താകമാനമുള്ള മലയാളികളുടെ മനസ്സിൽ സാഹോദര്യത്തിന്റെയും അനുകമ്പയുടെയും മതേതരത്വത്തിന്റെയും ഉത്തമ മാതൃകയായിരുന്നു അദ്ദേഹം. കേരളത്തിലെ നിരാലംബരായ നിരവധി ജനങ്ങൾക്ക് അദ്ദേഹം ആശ്വാസത്തിന്റെ തണൽ വിരിച്ചു. ഗൾഫ് നാടുകളിൽ മരുഭൂമിയുടെ ചുടുകാറ്റേറ്റ് ജീവിക്കുന്ന ലക്ഷക്കണക്കിന് പ്രവാസികൾക്ക് പ്രതീക്ഷയുടെയും സാന്ത്വനത്തിന്റെയും ആൾ രൂപമായിരുന്നു ശിഹാബ് തങ്ങൾ.

സമാധാനത്തിൻെറ കർമ്മകാണ്ഡമായിരുന്നു ആ ജീവിതം. രാഷ്ട്രീയത്തിൻെറ പേരിലും വർഗങ്ങളുടെ പേരിലും കലഹിച്ചവർക്ക് സമാധാനത്തിൻെറ മരുന്ന് ഓതിക്കൊടുത്ത യുഗപുരുഷനാണ് അദ്ദേഹം.

(ശേഷം പേജ് 4)

## നഷ്ടങ്ങൾ നികത്തപ്പെടാം പക്ഷേ.. പകരമാവില്ല

ട്രി.കെ. അബ്ദുൾ കരീമും,
ടി.കെ. അമീർ അലിയും
കുടുംബാംഗങ്ങളും- പ്രിൻസ് ഗ്രൂപ്പ്

നഷ്ടങ്ങൾ നികത്തപ്പെടാം പക്ഷേ...! മറ്റൊന്ന് അതിന് പകരമാവില്ലല്ലോ..? അതും പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങളെ കുറിച്ചാണെങ്കിൽ പകരമെന്ന വാക്കുപോലും അതിന് ചേർന്ന് നിൽക്കില്ല. സ്നേഹത്തിനും വിനയത്തിനും ഒരു പേരിടാനാവുമെങ്കിൽ അതിന് ശിഹാബ്തങ്ങളെന്ന് വിളിക്കാം. തങ്ങൾ മരണപ്പെട്ട വിവരം ടിവി സ്ക്രീനിൽ ഫ്ളാഷ് ന്യൂസായി മിന്നിമറയുമ്പോൾ തങ്ങൾ വിടവാങ്ങിയെന്ന വാക്ക് വേറെ എന്തോ പരിപാടിയിൽ നിന്നും മാറിയെന്ന ധാരണയായിരുന്നു ഉണ്ടാക്കിയത്. ഇന്നും തങ്ങൾ കടന്നു പോയി എന്ന യാഥാർത്ഥ്യത്തിനോട് മനസ് പൊരുത്തപ്പെട്ടിട്ടില്ല. ദൈവം നൽകിയ ബന്ധമാണ് തങ്ങളുമായുള്ളത്. എനിക്ക് അങ്ങനെ പറയാനാണ് കഴിയുന്നത്. ആ സ്നേഹത്തിൽ കളവും മായവുമില്ല. വാരിക്കോരി തന്ന സ്നേഹം വാൽസല്യമായും കാരുണ്യമായും പ്രാർത്ഥനയായും തണലായും ആശ്വാസമായും കരുത്തായും പ്രതീക്ഷയായും എപ്പോഴും കൂടെയുണ്ടായിരുന്നു.

മൂന്ന് പതിറ്റാണ്ടായുള്ള ബന്ധമുണ്ട് തങ്ങളുമായി. ഓരോ കൂടിക്കാഴ്ചകളും വർത്തമാനങ്ങളും അത്ര പ്രിയപ്പെട്ടതാണ്. ഓർത്തുവെയ്ക്കാൻ ഒരുപാടുണ്ട്. അതു കൊണ്ടാവാം മറക്കാൻ കഴിയാത്ത ജീവിതത്തിലെ അപൂർവതയായി തങ്ങൾ മാറിയത്. അനിർവചനീയമായ ബന്ധത്തെ വിലയിരുത്തുമ്പോൾ അതിൽ ഒരുപക്ഷേ പരാജയപ്പെടുക ഞാനായിരിക്കും.

(ശേഷം പേജ് 3)

## പവിത്രം ഈ ബന്ധം

സി.എം.മുഹമ്മദ് യൂസഫ്
അൽഖയാം ഗ്രൂപ്പ്

എവിടെയാണ് തുടങ്ങുക... എങ്ങനെയാണ് തുടങ്ങുക... ഒന്നറിയാം...മനുഷ്യസ്നേഹത്തിന് മറ്റെന്തിനേക്കാളും വില കൽപിച്ചിരുന്ന മഹാൻ. ശാരീരികാവശതയിൽ ഏറെ പ്രയാസപ്പെടുന്ന സമയത്താണ് എന്റെ ദുബായിലെ അൽഖയാമിന്റെ ഉദ്ഘാടനം നിർവഹിക്കാൻ തങ്ങൾ എത്തിയത്. ഏറെ ക്ഷീണാവസ്ഥയിലായ തങ്ങളെ കുറിച്ച് പലരും ചോദിച്ചെങ്കിലും ഉള്ളിലെ വിഷമങ്ങൾ അദ്ദേഹം പുറത്ത് കാണിച്ചിരുന്നില്ലെന്ന് മാത്രമല്ല, ഏറെ നേരം എന്നോടൊപ്പം ചിലവിട്ടാണ് അവിടെ നിന്നും മടങ്ങിയത്.

പിന്നീടാണ് ഞാനറിഞ്ഞത് തീരെ അവശതയിലായിരുന്ന തങ്ങൾ കോട്ടക്കൽ ആര്യവൈദ്യശാലയിൽ ചികിൽസയിലായിരുന്നുവെന്നും എന്റെ സ്ഥാപനത്തിന്റെ ഉദ്ഘാടനത്തിൽ പങ്കെടുക്കുന്നതിന് നിർബന്ധം പിടിച്ചാണ് എത്തിയതെന്നും. ഒരു നന്ദിപ്രകടനവും ആ കടപ്പാടിന് പകരം വെയ്ക്കാനാവില്ല. നാൽപത് വർഷത്തിനടുത്ത ബന്ധമുണ്ട് ശിഹാബ് തങ്ങളുമായും തങ്ങൾ കുടുംബവുമായും. എന്റെ നിക്കാഹ് നടത്തിത്തന്നത് ശിഹാബ് തങ്ങളാണ്. എന്റെ രണ്ട് മക്കളുടെ നിക്കാഹിലും കാർമ്മികത്വം വഹിച്ചത് തങ്ങളാണ്. പേരക്കുട്ടിയുടെ പേരിട്ടതും തങ്ങളാണ്. എല്ലാ അനുഗ്രഹീതവേളകളിലും തങ്ങളുടെ അനുഗ്രഹങ്ങളും പ്രാർത്ഥനയും കരസ്പർശത്തിന്റെ പുണ്യവും അനുഭവിച്ചറിഞ്ഞിരുന്നു. ഞങ്ങളുടെ വളർച്ചയിൽ, പ്രതീക്ഷയും കരുത്തും പ്രാർത്ഥനയുമായി തങ്ങളുണ്ടായിരുന്നു. വർഷങ്ങൾക്ക് മുമ്പ് തങ്ങളെ നേരിൽ കണ്ടത് ജീവിതത്തിൽ ഇന്നും പവിത്രമായി സൂക്ഷിക്കുന്നു . അത് എന്നിൽ നിറച്ചത് ആത്മീയതയുടെ വേറിട്ട അനുഭവമായിരുന്നു.

(ശേഷം പേജ് 3)




എം. എ. യൂസഫലി
മാനേജിംഗ് ഡയറക്ടർ, എം. കെ. ഗ്രൂപ്പ്

## വ്യവസായികൾക്കും മാർഗ്ഗദർശി

വിശ്വം മുഴുവൻ പന്തലിച്ചു നിൽക്കുന്നതായിരുന്നു പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങളുടെ വ്യക്തി പ്രഭാവം.


നിരാലംബരും അർദ്ധ പട്ടിണിക്കാരുമായിരുന്ന ഒരു ജനസമൂഹം വ്യവസായത്തിലേക്കും വ്യാപാരത്തിലേക്കും വളർന്നു കയറിയപ്പോൾ അവർക്ക് ആത്മവിശ്വാസം പകരാനും മാർഗ്ഗദർശനം നൽകാനും എപ്പോഴും ശിഹാബ് തങ്ങൾ ഉണ്ടായിരുന്നു. ആ കരസ്പർശനത്തിന്റെ മാന്ത്രികത അനുഭവിച്ച ആയിരക്കണക്കിന് പേർ വ്യാപാര വ്യവസായ മേഖലകളിൽ അസൂയാവഹമായ നിലയിലേക്കും ഉയർന്നിട്ടുണ്ട്. ദീനാനുകമ്പയും സ്നേഹവും പ്രോത്സാഹനവും ദൈവാനുഗ്രഹവും ഒരേ കരങ്ങളിൽ അന്തർലീനമായിട്ടുണ്ടെങ്കിൽ അത് തങ്ങളുടേതുമാത്രമാണ്. ആദ്ധ്യാത്മിക രംഗത്തായാലും രാഷ്ട്രീയ മേഖലയിലായാലും തങ്ങളുടെ സംഭാവനകൾ അദ്വിതീയമാണ്.



പാണക്കാട് സയ്യിദ് ഹൈദരലി
ശിഹാബ് തങ്ങൾ

## അനുകരണീയമായ മാതൃക

കൊച്ചുകുട്ടിയോടുപോലും വല്ലാത്ത വിനയത്തോടെ പെരുമാറുന്ന വല്ല്യാക്കയുടെ മുഖം ഇപ്പോഴും മനസ്സിൽ തെളിഞ്ഞുനിൽക്കുന്നു. കുറഞ്ഞ വാക്കുകൾ പറയുകയും അതിനേക്കാൾ വലിയ അർത്ഥം ഉൾക്കൊള്ളിക്കുകയും ചെയ്യുന്ന തങ്ങൾ കാണിച്ചു തന്ന വഴി തന്നെയാണ് നമുക്കും പിന്തുടരാനുള്ളത്. സ്വന്തം വേദനകൾ മറന്ന് മറ്റുള്ളവരുടെ വേദനകൾക്കും ആവലാതികൾക്കും പരിഹാരം കാണുകയായിരുന്നു വല്ല്യാക്ക. നാട്ടുകാർക്ക് വേണ്ടി അദ്ദേഹം ജീവിതം തന്നെ സമർപ്പിച്ചു. ലീഗിനെ പരാജയത്തിൽ നിന്ന് വിജയത്തിലേക്ക് തങ്ങൾ കൈപ്പിടിച്ചു ഉയർത്തി. ആ നേട്ടം നിലനിർത്തുകയാണ് നമ്മുടെ ലക്ഷ്യം. തങ്ങളുയർത്തിപ്പിടിച്ചിരുന്ന മൂല്യങ്ങൾ- സമാധാനത്തോടും മതേതരത്വത്തോടുമുള്ള പ്രതിബദ്ധത- നിലനിർത്തുകയാണ് നമുക്ക് ചെയ്യാനുള്ളത്. ആ വാക്കുകളിലെ സന്ദേശവും പ്രവർത്തനങ്ങളിലെ മാതൃകയും പിൻപറ്റാൻ അല്ലാഹുനമ്മെ അനുഗ്രഹിക്കട്ടെ.



# സാധാരണക്കാരുടെ പാണക്കാട് തങ്ങൾ

കൊടപ്പനക്കൽ തറവാട് എന്റെ ജീവിതത്തിന്റെ ഭാഗമാണ്. വളരെ ചെറുപ്പകാലം മുതൽ ഇടയ്ക്കിടെ ബാപ്പയോടൊപ്പം അവിടെ പോകാറുണ്ട്. പി.എസ്.എം.എ. പൂക്കോയ തങ്ങൾ ജീവിച്ചിരിക്കുന്ന കാലമാണ്. ബാപ്പയും പൂക്കോയ തങ്ങളുമായി വളരെ അടുത്തബന്ധമായിരുന്നു.

അന്നുമുതൽ എനിക്ക് ശിഹാബ് തങ്ങളെ കണ്ടറിയാം. സാഹിത്യത്തിലായിരുന്നു അദ്ദേഹത്തിന് താത്പര്യം. പിന്നെ താത്പര്യം അന്താരാഷ്ട്രകാര്യങ്ങളിലായിരുന്നു. കൊടപ്പനക്കൽ വീടിന്റെ മാളികപ്പുറത്ത് റഹീം മേച്ചേരിയെപ്പോലുള്ള തന്റെ പ്രിയസുഹൃത്തുക്കളുമായി ഒത്തിരുന്ന് സാഹിത്യവും അന്താരാഷ്ട്ര വിഷയങ്ങളും ചർച്ചചെയ്യലായിരുന്നു അന്ന് അദ്ദേഹത്തിന്റെ പ്രധാന ഹോബി.

തങ്ങൾ മരിച്ചശേഷം ബാപ്പയും ബി.വി. അബ്ദുള്ളക്കോയയുമാണ് അദ്ദേഹത്തെ ലീഗ് പ്രസിഡന്റിന്റെ പദവി ഏറ്റെടുക്കാൻ നിർബ്ബന്ധിച്ചത്. അപ്പോഴുണ്ടായ വേവലാതിയെപ്പറ്റി തങ്ങൾ തന്നെ പലപ്പോഴും പറഞ്ഞിട്ടുണ്ട്.

രണ്ട് ആശങ്കയായിരുന്നു തങ്ങൾക്ക്. തന്നെപ്പോലെ തീരെ പരിചയസമ്പന്നനല്ലാത്ത ഒരാൾ ഇത്രയും ഉത്തരവാദിത്വമുള്ള ചുമതല ഏറ്റെടുക്കുന്നതിനെപ്പറ്റിയായിരുന്നു ഒരാശങ്ക. മറ്റൊന്ന് തന്റെ ബാപ്പയുടെ സഹപ്രവർത്തകരും സമശീർഷരുമായവരുടെ മുന്നിൽ അവരേക്കാൾ ഉയർന്ന പദവിയിൽ ഇരിക്കേണ്ടി വരുന്നതിലെ വിമ്മിട്ടം.

"സി. എച്ചും മറ്റും ലീഗ് പ്രസിഡന്റാകണ[illegible] താക്കൾ അദ്ദേഹത്തിനു മുന്നിൽ സ്വയം താഴ്ന്നുനിന്നുകൊടുത്തു. അതേസമയം സ്വകാര്യനിമിഷങ്ങളിൽ ബാപ്പയെപ്പോലുള്ളവർ ശിഹാബ് തങ്ങൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുമായിരുന്നു. ശിഹാബ് തങ്ങളും ബാപ്പയും അങ്ങോട്ടും ഇങ്ങോട്ടും ആദരവോടെയാണ് അവസാനകാലംവരെയും കഴിഞ്ഞിരുന്നത്.

പൂക്കോയ തങ്ങളുള്ള കാലം മുതൽ ബാപ്പ അവിടെ ഒരന്തേവാസിയെപ്പോലെയാണ്. മലപ്പുറത്ത് എന്തെങ്കിലും പരിപാടിക്കു പോയാൽ ഉറക്കം കൊടപ്പനക്കൽ തറവാട്ടിലായിരിക്കും. പിറ്റേന്ന് കാലത്ത് കൊടപ്പനക്കൽ വീട്ടിൽ വരുന്നവർ കാണുന്നത് കള്ളിത്തുണിയുമുടുത്ത് പേപ്പർ വായിച്ചിരിക്കുകയോ അതിഥികളെ സ്വീകരിച്ചിരുത്തുകയോ ചെയ്യുന്ന സി. എച്ചി.നെയായിരിക്കും.

പൂക്കോയ തങ്ങൾക്കുശേഷും കൊടപ്പനക്കൽ തറവാടുമായുള്ള ആത്മബന്ധം തുടർന്നു. ശിഹാബ് തങ്ങളോടു ചോദിച്ചേ ബാപ്പ എന്തു തീരുമാനവും എടുത്തിരുന്നുള്ളൂ.

എനിക്കൊക്കെ കിട്ടിയ ഭാഗ്യം തങ്ങൾക്ക് ഏറെ പ്രിയപ്പെട്ട സി. എച്ചിന്റെ മകനായി പിറക്കാനായി എന്നതാണ്. പിൽക്കാലത്ത് രാഷ്ട്രീയത്തിലെ എന്തെങ്കിലും പ്രശ്നങ്ങളുമായി അദ്ദേഹത്തെ ആരെങ്കിലും തെറ്റിദ്ധരിപ്പിച്ചിട്ടുണ്ടോ എന്നു തോന്നി ചെല്ലുമ്പോഴെല്ലാം പറയുമായിരുന്നു, 'നീ അതൊന്നും വിശദീകരിക്കണ്ട. നിന്നെപ്പറ്റി എനിക്ക് ആരെങ്കിലും പറഞ്ഞറിയണോ. നീ എന്റെ സി. എച്ചിന്റെ മകനല്ലേ.' എന്നായിരിക്കും.

[illegible] വർ പറഞ്ഞത് തങ്ങൾ ഞങ്ങളുടെ ആളായിരുന്നെന്നാണ്. അദ്ദേഹത്തെ കാണാനെത്തിയവർക്കെല്ലാം തോന്നിയിരുന്നു തങ്ങൾ അവരുടെ ആളായിരുന്നെന്ന്. നമ്മളറിയാതെ അദ്ദേഹം കീഴ്പ്പെടുത്തിക്കളയും.

എന്നോടെപ്പോഴും വാത്സല്യം കാണിച്ചിരുന്നു. എപ്പോഴും തമാശ പറയുമായിരുന്നു. ഭക്ഷണപ്രിയൻ എന്നാണ് എന്നെ പറഞ്ഞിരുന്നത്. അദ്ദേഹം ഭക്ഷണം കഴിക്കുന്ന സമയത്താണ് ചെല്ലുന്നതെങ്കിൽ അടുത്തിരുത്തി ഭക്ഷണം വിളമ്പിത്തരും. അകലെ മാറിനിൽക്കുകയാണെങ്കിലും വിളിച്ച് ഭക്ഷണം കഴിപ്പിക്കും. അതൊരുപക്ഷേ, എനിക്കുമാത്രം കിട്ടിയ ഭാഗ്യമാകണം. മറ്റുള്ളവരെ ഭക്ഷണം കഴിക്കാൻ നിർബന്ധിക്കുന്ന തങ്ങൾ എനിക്ക് ഭക്ഷണം വിളമ്പിത്തരുമായിരുന്നു.

ഞാൻ മാറിനടക്കാൻ ശ്രമിച്ചാലും വിളിച്ചുവരുത്തി ചോദിക്കും, 'നീയെന്താണിങ്ങനെ വിട്ടു നടക്കുന്നത്. എന്റെ കൂടെ നിൽക്ക്. എന്റെ കൂടെ നടക്ക്.' രക്ഷിതാവിന്റെ സ്ഥാനത്തായിരുന്നു അദ്ദേഹം. എന്റെ ബാപ്പ മരിച്ചതിനു ശേഷം നടന്ന ചടങ്ങുകൾക്കെല്ലാം എങ്ങനെയും എത്തിച്ചേരുമായിരുന്നു. ഒരിക്കൽ വളരെ അകലെ നിന്ന് യാത്ര ചെയ്താണ് എത്തിയത്. ഡ്രൈവർ മുജീബ് പറഞ്ഞു, അത്രയും ദൂരം യാത്ര ചെയ്യാൻ ബുദ്ധിമുട്ടാകുമെന്നറിയിച്ചപ്പോൾ 'പോകണം. മുനീറിന്റെ വീട്ടിൽ പോകണം. എന്റെ മോനാണ്.' എന്നായിരുന്നു തങ്ങളുടെ മറുപടി. അത്രയ്ക്ക് സ്നേഹമായിരുന്നു സി. എച്ചിന്റെ മക്കളോട് അദ്ദേഹത്തിന്.

ഇത്രയും സ്നേഹമസൃണമായി സംസാരിക്കാൻ കഴിയുന്ന അപൂർവ്വം വ്യക്തികളെ മാത്രമേ ഞാൻ കണ്ടിട്ടുള്ളു. അനുകമ്പ അദ്ദേഹത്തിന്റെ കൂടപ്പിറപ്പാണ്. വീട്ടിലെത്തുന്ന ഓരോ വ്യക്തിയുടെയും കുടുംബകാര്യങ്ങളും സ്വകാര്യദു:ഖങ്ങളും അദ്ദേഹത്തിനറിയാം. വരുന്നവരെല്ലാം സ്വന്തം മനസ്സിലെ ഭാരം തങ്ങളുടെ ചുമലിൽ ഇറക്കിവെയ്ക്കും. അങ്ങനെ സമാധാനത്തോടെ അവർ പോകും. പിന്നെ അവരുടെ വേദനയ്ക്കു പരിഹാരം ആലോചിച്ച് തലപുകയ്ക്കുന്നത് തങ്ങളായിരിക്കും. ഇതുതന്നെയാണ് അദ്ദേഹത്തെ രോഗിയാക്കിയത്.

അസുഖത്തേയും അദ്ദേഹം അങ്ങനെ ഗൗനിച്ചിരുന്നില്ല. ഭക്ഷണത്തിന്റെ കാര്യത്തിൽ നിയന്ത്രണമുണ്ടായിരുന്നില്ല. ഈയടുത്ത കാലത്താണ് ഡോക്ടർ എന്നോട് അതു കഴിക്കരുത്, ഇതു കഴിക്കരുത് എന്നൊക്കെ പറഞ്ഞിട്ടുണ്ടെന്ന് പറഞ്ഞത്. ഇത്രയ[illegible]

[illegible] പ്പോകുന്നു. ആരും അദ്ദേഹത്തെ ബഹുമാനിച്ചിട്ടേയുള്ളു. സോണിയാഗാന്ധി പോലും തങ്ങളുടെ മുന്നിൽ ബഹുമാനത്തോടെ എഴുന്നേറ്റു നിൽക്കുകയായിരുന്നു.

സാധാരണനിലയിൽ പാർട്ടി പ്രസിഡന്റിന് സെക്രട്ടറിമാർ കാര്യങ്ങൾ വിശദീകരിച്ചുകൊടുക്കണം. പാർട്ടിയുടെ പ്രവർത്തനം എങ്ങനെ നടക്കുന്നു, എവിടെയൊക്കെയാണ് ക്ഷീണം സംഭവിച്ചത് തുടങ്ങിയ കാര്യങ്ങൾ സെക്രട്ടറിമാരിൽ നിന്നാണ് പ്രസിഡന്റ് ചോദിച്ചറിയുക. എന്നാൽ, ഞങ്ങളെക്കാൾ യാത്ര ചെയ്യുന്നയാളായതിനാൽ തങ്ങൾ ഞങ്ങളോടാണ് ഇക്കാര്യങ്ങളെല്ലാം പറയാറുള്ളത്. പലപ്പോഴും ഞങ്ങൾക്ക് അറിയാത്ത അടിത്തട്ടിലെ പ്രശ്നങ്ങൾ തങ്ങൾ സൂക്ഷ്മമായി അറിഞ്ഞിട്ടുണ്ടാകും. അതിന് പരിഹാരനിർദ്ദേശവും പറഞ്ഞ് ഞങ്ങളെ അവിടേക്ക് അയയ്ക്കുന്നതും തങ്ങളായിരിക്കും.

മാറാട് സംഭവം ഉണ്ടായ കാലത്ത് അദ്ദേഹം എന്നെ വിളിച്ചു. ഞാനന്ന് മന്ത്രിയാണ്.

'നീ മാറാട്ട് പോയോ?' അദ്ദേഹം ചോദിച്ചു.

'ഇല്ല.... അവിടെ മന്ത്രിമാരെ ആരെയും കടത്തില്ലെന്നാണ് അരയസമാജക്കാർ പറയുന്നത്.' ഞാൻ പറഞ്ഞു.

'അതുപോരാ.... നീ അരയസമാജക്കാരെ ഫോണിൽ വിളിക്കണം. കാര്യം പറയണം. അവർ സമ്മതിക്കും. അവിടെ പോയി മരിച്ചവരുടെ ബന്ധുക്കളെ ആശ്വസിപ്പിക്കാതിരിക്കരുത്.'- അതായിരുന്നു നിർദ്ദേശം.

അതനുസരിച്ച് ഞാൻ അരയസമാജക്കാരെ വിളിച്ചു. ആദ്യം മടിച്ചുവെങ്കിലും അവർ സമ്മതിച്ചു. അവരുടെ ഓഫീസിൽ ചെന്നു കൊല്ലപ്പെട്ടവരുടെ വീടുകളിൽ ചെന്നു.

[illegible] ളം വരെ ആർക്കും പോകാം. അദ്ദേഹത്തിന് സ്വസ്ഥമായി വിശ്രമിക്കാൻ എവിടെയാണ് സ്ഥലം കിട്ടിയിരുന്നതെന്ന് എനിക്കറിയില്ല. അദ്ദേഹത്തിന്റെ കിടപ്പുമുറിയിലും മറ്റുമിരുന്നാണ് ഞങ്ങൾ ചർച്ച നടത്തിക്കൊണ്ടിരുന്നത്.

പരിചാരകരോടു പോലും തങ്ങൾ കാണിച്ചിരുന്ന അടുപ്പവും സ്നേഹവും കണ്ടാൽ മിഴിച്ചുനിന്നുപോകും. നമ്മൾ പരിചാരകരോടെങ്കിലും ഇടയ്ക്ക് മുഖം കറുപ്പിച്ചു സംസാരിച്ചുപോകും. തങ്ങൾ അങ്ങനെയും ചെയ്യില്ല. അവരുമായി തമാശപറഞ്ഞ് പൊട്ടിച്ചിരിക്കും.

ഒരിക്കൽ തങ്ങളുടെ ആശ്രിതനായ ആലിയാക്കയോട് ഞാൻ തമാശയ്ക്കു ചോദിച്ചു, 'സ്ഥാനാർഥികളുടെ കാര്യം തീരുമാനിച്ചു കഴിഞ്ഞോ ആലിയാക്ക.'

' അത് ഞങ്ങൾ തീരുമാനിച്ചുകൊണ്ടിരിക്കുകയാണ്" എന്നായിരുന്നു ആലിയാക്കയുടെ മറുപടി. ഞങ്ങൾ എന്നുവെച്ചാൽ ആലിയാക്കയും തങ്ങളും.

ഇക്കാര്യം ഞാൻ തങ്ങളോട് പറഞ്ഞു. അതുകേട്ടപ്പോൾ തങ്ങൾ പൊട്ടിച്ചിരിച്ചു,

'ശരിയാണ്. അവനും അതിൽ ഒരു പങ്കുണ്ട്.' - തങ്ങൾ പറഞ്ഞു.

മക്കളോടും പേരക്കുട്ടികളോടുമെല്ലാം അദ്ദേഹത്തിനുണ്ടായിരുന്ന വാത്സല്യം പറഞ്ഞറിയിക്കാൻ അറിയില്ല. പേരക്കുട്ടികളിലൊരാൾക്ക് ഹാർട്ട് സർജറി വേണ്ടി വന്നപ്പോൾ തങ്ങൾ വല്ലാത്ത മാനസിക പിരിമുറക്കമാണ് അനുഭവിച്ചത്. ശസ്ത്രക്രിയ കഴിഞ്ഞ് കുട്ടി പൂർണ്ണ ആരോഗ്യവാനാകും വരെ അവനെ പരിപാലിച്ചിരുന്നത് തങ്ങളായിരുന്നു. തങ്ങളുടെ മരണം ആ കുട്ടിക്കും മറ്റുമുണ്ടാക്കിയ മാനസികാഘാതം വളരെയാണ്.

[illegible] രഞ്ഞെടുപ്പു ഫലം വിലയിരുത്തുന്ന ലീഗ് സെക്രട്ടേറിയറ്റ് യോഗത്തിൽ അദ്ദേഹം പൂർണ്ണസമയം ഇരുന്നു. ചർച്ചകളെല്ലാം കേട്ടു. പിന്നെ ഓരോ ദിവസവും വളരെ സൂക്ഷ്മതയോടെയാണ് പാർട്ടിയെ നയിച്ചത്. അങ്ങനെ നഷ്ടപ്പെട്ട ഓരോന്നും തിരിച്ചെടുത്തുകൊണ്ടിരുന്നു. പഞ്ചായത്ത് ഉപതിരഞ്ഞെടുപ്പുകളിൽ ലീഗ് ജയിക്കുന്നു, ലോക്സഭയിൽ ജയിക്കുന്നു, പോഷകസംഘടനകൾ മികച്ച വിജയം കൈവരിക്കുന്നു. ഈ നേട്ടങ്ങളെല്ലാം കൈവരിക്കാൻ തുടങ്ങിയപ്പോൾ ഏറ്റവും ഒടുവിൽ ചേർന്ന യോഗത്തിൽ അദ്ദേഹം, ഒരു ഉപദേശം പോലെ, താക്കീതുപോലെ, മാർഗ്ഗദർശനം പോലെ പറഞ്ഞു: 'നമുക്ക് തലയുയർത്തിപ്പിടിക്കാനുള്ള അവസ്ഥയായിക്കഴിഞ്ഞു. ഇനി അഭിമാനിക്കാം. എന്നാൽ, അഹങ്കരിക്കരുത്. അഹങ്കരിച്ചാൽ ഇപ്പോൾ കിട്ടിയതെല്ലാം നഷ്ടമാകും.' ഇതായിരുന്നു അദ്ദേഹം ലീഗിലെ സഹപ്രവർത്തകർക്കു നൽകിയ അവസാന സന്ദേശം. ഇനി ഞാനുണ്ടാവില്ല. ഞാനില്ലാത്ത കാലത്ത് വീണ്ടും നഷ്ടം സംഭവിച്ചാൽ അതിന് നിങ്ങളായിരിക്കും ഉത്തരവാദികൾ എന്ന ഓർമ്മപ്പെടുത്തലായിരുന്നിരിക്കാം.

ചന്ദ്രിക പത്രത്തിന്റെ കാര്യത്തിൽ അദ്ദേഹത്തിന് വല്ലാത്ത താത്പര്യമായിരുന്നു. മറ്റ് അജണ്ടകളൊക്കെ മാറ്റിവെച്ച് ചന്ദ്രികയുടെ പ്രശ്നങ്ങൾ ചർച്ചചെയ്യുവാൻ അദ്ദേഹം നിർബ്ബന്ധിക്കുമായിരുന്നു. ചന്ദ്രിക ലീഗിന്റെ ജിഹ്വയാണ്. ബാഫക്കി തങ്ങളും മറ്റും രൂപം കൊടുത്തതാണ്. അത് ഇല്ലാതാവാൻ സമ്മതിക്കരുത്. അതായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം.

നോമ്പിന്റെ സമയത്ത് റിലീഫ് പ്രവർത്ത[illegible]

> **"പൂക്കോയ തങ്ങളുടെ മകൻ എന്ന ലേബലിന്റെ ബലത്തിൽ ശിഹാബ് തങ്ങൾ ജീവിച്ചിട്ടില്ല എന്നതാണ് ഒരു പ്രത്യേകത. പൂക്കോയ തങ്ങളുണ്ടാക്കിയ സാമ്രാജ്യത്തെ പത്തിരട്ടിയായി വലുതാക്കുകയാണ് അദ്ദേഹം ചെയ്തത്."**


റയാതെ മുറിയിൽ കയറി വാതിലടച്ച് കുറേ നേരം ചിന്തിച്ചിരുന്നുപോയി. എനിക്ക് കരച്ചിലടക്കാൻ കഴിഞ്ഞില്ല. പിന്നെ നിവൃത്തികേടുകൊണ്ട് മനസ്സുകൊണ്ട് തീരുമാനമെടുത്ത് സമ്മതിക്കുകയായിരുന്നു."– ഇങ്ങനെ തങ്ങൾ ഒരിക്കൽ പറഞ്ഞിട്ടുണ്ട്.

പൂക്കോയ തങ്ങൾക്കു സമശീർഷരായവരുടെ മുന്നിൽ പ്രസിഡന്റായി പ്രവർത്തിക്കാനുള്ള മനപ്രയാസം ശിഹാബ്തങ്ങൾക്കുണ്ടെന്ന് മനസ്സിലാക്കിയ മറ്റു നേതാക്കൾ തന്നെ ആ വൈതരണിക്കു പരിഹാരം കണ്ടെത്തുകയായിരുന്നു. യോഗങ്ങളിൽ അവർ ശിഹാബ് തങ്ങൾക്ക് അങ്ങേയറ്റത്തെ ബഹുമാനവും പരിഗണനയും നൽകി. വലിയ നേക്കുന്ന എന്റെ പെങ്ങളോടും അദ്ദേഹം പറയുമായിരുന്നു, 'നീ അങ്ങനെ എണീക്കുകയൊന്നും വേണ്ട. നീ എന്റെ സി. എച്ചിന്റെ മകളല്ലേ' എന്ന്.

പൂക്കോയ തങ്ങളുടെ മകൻ എന്ന ലേബലിന്റെ ബലത്തിൽ ശിഹാബ് തങ്ങൾ ജീവിച്ചിട്ടില്ല എന്നതാണ് ഒരു പ്രത്യേകത. പൂക്കോയ തങ്ങളുണ്ടാക്കിയ സാമ്രാജ്യത്തെ പത്തിരട്ടിയായി വലുതാക്കുകയാണ് അദ്ദേഹം ചെയ്തത്.

അതിൽ ഏറ്റവും വലുതാണ് മറ്റു മതസ്ഥരുടെ മനസ്സുകീഴടക്കുകയെന്നത്. അദ്ദേഹം മരിച്ചതറിഞ്ഞ് കുറേ സന്യാസിമാർ കൊടപ്പനക്കൽ തറവാട്ടിൽ എത്തിയിരുന്നു. അദിവസം ക്ഷീണിച്ചു കിടന്നാൽ പിന്നെ പത്തുദിവസം യാത്രതന്നെയായിരിക്കും. അപ്പോഴേക്കും ശരീരം തളരും. എന്നാലും ഒന്നോ രണ്ടോ ദിവസം വിശ്രമിച്ച് യാത്ര തന്നെ. കല്യാണത്തിന് ആരു വിളിച്ചാലും എത്ര അകലെയായാലും പോകുമായിരുന്നു. എന്നെ അവർ വിളിച്ചതല്ലേ എന്നാണ് ചോദിക്കുക. അതുകൊണ്ട് എല്ലാവരും വിചാരിച്ചു തങ്ങൾ എന്റെയാളാണ് എന്ന്.

എല്ലാവരുടെയും ആളായിരുന്നുവെന്ന് അറിഞ്ഞത് മരിച്ചപ്പോഴായിരുന്നു. എത്രയെത്രയാളുകളാണ് എത്തിയത്. ഇവരെയെല്ലാം ആകർഷിച്ചത് എങ്ങനെയാണ് എന്നാലോചിക്കുമ്പോൾ അത്ഭുതം തോന്നി



**പരസ്പരം ശത്രുതയിലുള്ള രണ്ടുസമൂഹങ്ങളെ തമ്മിലടിപ്പിക്കാനും രക്തം ചിന്തിക്കാനും ആർക്കും കഴിയും എന്നാൽ, അവരെ ശാന്തരാക്കാൻ അവരുടെ ഹൃദയം തൊടാൻ കഴിവുള്ളയാൾക്കേ പറ്റൂ. അതാണ് ശരിയായ നേതൃഗുണം.**

പള്ളി കഴുകി വൃത്തിയാക്കാനും അവർ സമ്മതിച്ചു. ഞാൻ അവിടെ നിൽക്കേത്തന്നെ തങ്ങൾ വിളിച്ചു കാര്യങ്ങൾ തിരക്കി. മതസൗഹാർദ്ദം തകർക്കുന്ന ഒരു കാര്യവും അദ്ദേഹം സഹിക്കുമായിരുന്നില്ല.

ബാബ്‌രി മസ്ജിദ് തകർത്തപ്പോഴും അദ്ദേഹം സ്വീകരിച്ചത് ഈ നിലപാടായിരുന്നു. അങ്ങാടിപ്പുറം തളിക്ഷേത്രത്തിന്റെ ഗോപുരവാതിൽ കത്തിയപ്പോൾ ആദ്യം ഓടിയെത്തിയത് തങ്ങളായിരുന്നു. അതിന്റെ നവീകരണപ്രവർത്തനത്തിനുള്ള ആദ്യ സംഭാവന നൽകിയതും കൊടപ്പനക്കൽ തറവാട്ടിൽ നിന്നായിരുന്നു.

പരസ്പരം ശത്രുതയിലുള്ള രണ്ടുസമൂഹങ്ങളെ തമ്മിലടിപ്പിക്കാനും രക്തം ചിന്തിക്കാനും ആർക്കും കഴിയും എന്നാൽ, അവരെ ശാന്തരാക്കാൻ അവരുടെ ഹൃദയം തൊടാൻ കഴിവുള്ളയാൾക്കേ പറ്റൂ. അതാണ് ശരിയായ നേതൃഗുണം. ശ്രീനാരായണഗുരുവും മറ്റും ചെയ്തതും അതുതന്നെയാണല്ലോ. മനുഷ്യത്വമായിരുന്നു അവരുടെയെല്ലാം ജാതി. അതുകൊണ്ട് തങ്ങളോട് ശത്രുതയുള്ളവരാരും ഉണ്ടായിരുന്നില്ല. തങ്ങൾ മോശമായി പെരുമാറി എന്നു പറയാൻ ആർക്കും കഴിയില്ല.

കൊടപ്പനക്കൽ വീടിന്റെ വാതിൽ ആരുടെ മുന്നിലും കൊട്ടിയടച്ചിരുന്നില്ല. അകത്തെ എത്തുന്നവരുടെ കാര്യത്തിലും കരുതലും താത്പര്യവും വേവലാതിയുമൊക്കെ തങ്ങൾക്കുണ്ടായിരുന്നു. ഒരിക്കൽ മകന്റെ ഉപദ്രവം സഹിക്കാതെ ഒരു സ്ത്രീ തങ്ങളെ കണ്ട് സങ്കടം പറയാനെത്തി. തങ്ങൾ അവരുടെ പ്രശ്നം പരിഹരിക്കാൻ എന്നെ ഏൽപ്പിച്ചു. പിന്നെ ഓരോ ദിവസവും ഫോണിൽ വിളിച്ച് അന്വേഷിക്കും, എന്തായി, എവിടംവരെയെത്തി എന്നൊക്കെ. ഒരാളെ ഏൽപ്പിക്കുന്നതോടെ തന്റെ കടമ തീരുന്നില്ലെന്ന് തങ്ങൾ വിശ്വസിച്ചു. അതിന് പരിഹാരം ഉണ്ടാകണം.

മന്ത്രിയായിരിക്കുമ്പോൾ മറ്റുള്ളവരുടെ കാര്യം പറയാനാണ് എന്നെ അദ്ദേഹം നിരന്തരം വിളിച്ചുകൊണ്ടിരുന്നത്. ബെൻസിൽ വരുന്നവരുടെ കാര്യത്തിനല്ല. ഏറ്റവും സാധാരണക്കാരുടെ കാര്യം പറയാൻ. അവരുടെ ജീവിതത്തിലെ പ്രശ്നങ്ങൾ മുഴുവൻ പറയുകയും ചെയ്യും. അവരുടെ മനസ്സിലെ ഭാരം മുഴുവൻ അദ്ദേഹം ഏറ്റെടുക്കുകയായിരുന്നു.

തന്റെ അഭാവത്തിൽ ലീഗിന് നഷ്ടപ്പെട്ടതെല്ലാം തിരിച്ചുപിടിച്ചു തന്നിട്ടാണ് അദ്ദേഹം ഈ ലോകത്തുനിന്നും പോയത്. അദ്ദേഹം ചികിത്സയ്ക്കായി അമേരിക്കയിലായിരുന്ന കാലത്താണല്ലോ ലീഗിന് തിരഞ്ഞെടുപ്പിൽ വൻ പരാജയം ഉണ്ടാകുന്നത്. നാട്ടിൽ തിരിച്ചെത്തിയാൽ നിർബ്ബന്ധമായും കുറച്ചു നാൾ വിശ്രമം വേണമെന്ന് ഡോക്ടർമാർ അദ്ദേഹത്തോട് നിർദ്ദേശിച്ചിരുന്നു.

എന്നാൽ, തനിക്കു വിശ്രമിക്കാൻ സമയമില്ലെന്ന് ഇവിടത്തെ രാഷ്ട്രീയ കാലാവസ്ഥ മനസ്സിലാക്കി തങ്ങൾ തീരുമാനിച്ചു. തി അദ്ദേഹം സമ്മതിക്കില്ല. അദ്ദേഹം പറയുന്നതും റിലീഫ് പ്രവർത്തനത്തെക്കുറിച്ചായിരിക്കും. റിലീഫ് പ്രവർത്തനത്തിലും വിവാഹസഹായങ്ങളിലും ജാതിമത വിവേചനം കാണിക്കരുതെന്ന് അദ്ദേഹം കർശനമായി പറയുമായിരുന്നു. മറ്റു മതവിഭാഗത്തിൽ ഉള്ളവർ അവരുടെ വ്യാപാരസ്ഥാപനങ്ങളുടെ ഉദ്ഘാടനത്തിന് തങ്ങളെയാണ് ക്ഷണിക്കാറുള്ളത്. തങ്ങളുടെ കൈകൊണ്ട് ആരംഭിച്ചാൽ അത് വിജയിക്കുമെന്ന വിശ്വാസം അവരിലുണ്ടായിരുന്നു.

വളരെ ശ്രദ്ധേയനായ എഴുത്തുകാരനായിരുന്നു അദ്ദേഹം. രാഷ്ട്രീയവും സാഹിത്യവും അദ്ദേഹത്തിന് എഴുത്തിന്റെ വിഷയങ്ങളായിരുന്നു. ഖലീൽജിബ്രാന്റെ കൃതികൾ പരിഭാഷപ്പെടുത്തിയിട്ടുണ്ട്. ആനുകാലിക സംഭവങ്ങളെക്കുറിച്ച് ധാരാളം ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. അത് പുസ്തകമാക്കാൻ എനിക്കായിരുന്നു തന്നത്. ഒലീവ് അത് പുസ്തകമായി പ്രസിദ്ധീകരിച്ചു.

അദ്ദേഹത്തിന്റെ ജീവചരിത്രം ഉണ്ടാക്കാനുള്ള തയ്യാറെടുപ്പിലായിരുന്നു ഞങ്ങൾ. എം.ടി.യാണ് അദ്ദേഹത്തോട് ജീവചരിത്രം എഴുതാൻ പറഞ്ഞത്. അദ്ദേഹത്തിന്റെ വാക്കുകളിലൂടെ തന്നെ അവതരിപ്പിക്കാനായിരുന്നു പരിപാടി. അങ്ങനെ എട്ട് അധ്യായം പൂർത്തിക്കാക്കുകയും ചെയ്തു.

അതിനിടയിലാണ് മരണം.........

(എം.കെ.മുനീർ,
ഫോൺ: 9447041000)

## എന്നും ജനമനസ്സിൽ

( പേജ് ഒന്നിൽ നിന്ന് തുടർച്ച )

പലപ്പോഴും പത്രങ്ങളിൽ കാണാറുണ്ട് ഒടുവിൽ തീരുമാനമെടുക്കാൻ ശിഹാബ് തങ്ങളെ ചുമതലപ്പെടുത്തി യോഗം പിരിഞ്ഞെന്ന്. പലരും ധരിക്കുന്നുപോലെ ശിഹാബ് തങ്ങൾ അങ്ങനെ ഒറ്റയ്ക്ക് തീരുമാനമെടുത്തിരുന്നില്ല. ആ തീരുമാനങ്ങളിലെല്ലാം ബന്ധപ്പെട്ടവരുടെ ഇംഗിതങ്ങളും അഭിപ്രായങ്ങളും ഉൾപ്പെട്ടിരിക്കും. അത്രയ്ക്കു ജനാധിപത്യവാദിയായിരുന്നു ബാപ്പ. കുടുംബത്തിലെ എല്ലാവരുടെയും കാര്യങ്ങളിൽ അതീവ ശ്രദ്ധ ചെലുത്തുവാനും ബാപ്പ മെനക്കെട്ടിരുന്നു. ഒരു വട്ടമേശയ്ക്ക് ചുറ്റുമിരുന്ന് മക്കളും മരുമക്കളുമൊക്കെ കുടുംബകാര്യങ്ങൾ ചർച്ച ചെയ്തിരുന്നതും പൊട്ടിച്ചിരിച്ചിരുന്നതുമൊക്കെ മനസ്സിലേക്ക് തികട്ടി വരികയാണ്.

കുടുംബത്തെ സ്നേഹിക്കുമ്പോഴും കുടുംബാധിപത്യ പ്രവണതകൾ ഇല്ലാതിരിക്കാൻ അങ്ങേയറ്റം ബാപ്പ ശുഷ്ക്കാന്തികാണിച്ചിരുന്നു. ഒരിക്കൽ മുസ്‌ലീം യൂത്ത് ലീഗ് സംസ്ഥാന പ്രസിഡണ്ട് സ്ഥാനം ഏറ്റെടുക്കാൻ ഉപ്പയുടെ അനിയൻ സാദിഖലി തങ്ങളുടെ മുകളിൽ സമ്മർദ്ദമുണ്ടായിരുന്നു. രാഷ്ട്രീയത്തിൽ രണ്ടു പ്രസിഡണ്ടുമാർ തങ്ങൾ കുടുംബത്തിൽ നിന്ന് തന്നെ വേണോ എന്ന ആശങ്ക ഉപ്പയ്ക്ക് ഇല്ലാതിരുന്നില്ല. മക്കളോടും കുടുംബാംഗങ്ങളോടും പാർട്ടി പരിപാടിയിൽ പങ്കെടുക്കാൻ പറയുമായിരുന്നു. എന്നോടൊക്കെ കീഴ്ഘടകങ്ങളിലെ യോഗങ്ങളിൽ പങ്കെടുക്കണമെന്നാണ്



പറയാറുണ്ടായിരുന്നത്. മറ്റു ചില ഉദ്ഘാടനങ്ങൾ ഉള്ളപ്പോൾ പോവാൻ പറയും. ഒരിക്കലും കുടുംബത്തിന്റെ ആധിപത്യം പാർട്ടിയിൽ ഉണ്ടാവരുതെന്ന ചിന്താഗതിക്കാരനായിരുന്നു ഉപ്പ. അതേസമയം എല്ലാവരും പാർട്ടിയോടൊപ്പം ഉണ്ടാവണമെന്നും ഉപ്പ നിർബന്ധം പിടിച്ചു.

സാധാരണക്കാരുടെ കൂടെയായിരുന്നു എപ്പോഴും അദ്ദേഹത്തിന്റെ മനസ്സ്. ബാപ്പയെ കണ്ടൊന്ന് സംസാരിച്ചാൽ പലരുടെയും ദു:ഖങ്ങളും സങ്കടങ്ങളും ഇല്ലാതാവുമായിരുന്നു. ആ ഒരു കൂടിക്കാഴ്ചയ്ക്കാണ് പലരും ഉപ്പയെ കാണാനെത്തിയിരുന്നത്. എല്ലാവരെയും കാണാൻ കഴിഞ്ഞുവെന്ന് ഉറപ്പുവരുത്തിയിട്ടേ കിടക്കുമായിരുന്നുള്ളൂ. രാവിലെ മുതൽ രാത്രിവരെ ഇതിനുവേണ്ടി ചെലവഴിക്കുന്നതിൽ യാതൊരു സങ്കോചവും ഉപ്പയ്ക്കുണ്ടായിരുന്നില്ല. തർക്കങ്ങൾ തീർക്കാൻ വേണ്ടി എത്ര സമയവും ഉപ്പ ചെലവഴിക്കും. മറ്റുള്ളവരുടെ കാര്യത്തിന് വേണ്ടി അത്രയും സമർപ്പിക്കപ്പെട്ട ജീവിതമായിരുന്നു ഉപ്പയുടേത്. ആ ഗുണങ്ങൾ ജീവിതത്തിൽ പകർത്താൻ കഴിയുക എന്നതു തന്നെയാണ് ഏറ്റവും വലിയ സ്മരണയും.

******

**പ്രകൃതിയുടെ കൂട്ടുകാരൻ...**
പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ വീട്ടുവളപ്പിലെ തൈകൾ പരിപാലിക്കുന്നു



**ഈ കൈമുത്താൻ അതിരുകളൊന്നും ഉണ്ടായിരുന്നില്ല...**
പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളും
സൂര്യ ഗ്രൂപ്പ് ചെയർമാൻ വി. എം. രാധാകൃഷ്ണനും ഒരു ചടങ്ങിനിടെ

# വെണ്ണിലാവുറഞ്ഞ മൗനം പോലെ

**പി. പത്മനാഭൻ നമ്പൂതിരി**



എത്രയോ തവണ കൊടപ്പനക്കലെ തറവാട്ടിൽ പോകേണ്ടിവന്നിട്ടുണ്ട്; മുസ്ലിംലീഗിന്റെ നിർണ്ണായക യോഗങ്ങളും മറ്റും റിപ്പോർട്ട് ചെയ്യാൻ വേണ്ടി. എത്ര കടുത്ത തീരുമാനമായാലും പത്രക്കാരുടെ മുന്നിൽ ബ്രീഫ് ചെയ്യുന്ന തങ്ങളുടെ മുഖം വളരെ സാത്വികമായിരിക്കും. പ്രകോപനപരമായ ഏത് ചോദ്യവും മൗനം കലർന്ന ചിരിയോടെ നേരിടുന്ന കല.

80 കളിലാണ്. മുസ്ലിംലീഗിന്റെ അഖിലേന്ത്യാ പ്രസിഡന്റായിരുന്ന ഇബ്രാഹിം സുലൈമാൻ സേട്ട് റിപ്പബ്ളിക് ദിനം ബഹിഷ്കരിക്കാൻ ആഹ്വാനം ചെയ്തു. ബാബ്റി മസ്ജിദ് വിഷയത്തിലായിരുന്നു ഈ ആഹ്വാനം. സംസ്ഥാനത്താണെങ്കിൽ അന്ന് മുസ്ലിംലീഗ് അധികാരത്തിലിരിക്കുന്ന സമയം. അവുക്കാദർകുട്ടി നഹ ഉപമുഖ്യമന്ത്രി. ഇ. അഹമ്മദും യു. എ. ബീരാനുമൊക്കെ മന്ത്രിമാർ. റിപ്പബ്ളിക് ദിനത്തിൽ ദേശീയപതാക ഉയർത്തേണ്ട മന്ത്രിമാർ ഈ ദിനം ബഹിഷ്കരിക്കുമോ? സംസ്ഥാന അദ്ധ്യക്ഷന്റെ നിലപാട് എന്താണ്?

ചൂടുപിടിച്ച ചർച്ച നടന്നു. എല്ലാവർക്കും അറിയേണ്ടത് അഖിലേന്ത്യാ പ്രസിഡന്റായ സേട്ടുവിനെതിരെ സംസ്ഥാന പ്രസിഡന്റായ ശിഹാബ് തങ്ങൾ എന്ത് നിലപാട് എടുക്കുമെന്നാണ്. സേട്ടിനെ പിന്തുണച്ചാൽ അത് ദേശദ്രോഹകരമായി വ്യാഖ്യാനിക്കപ്പെടും. സംസ്ഥാനത്ത് ഭരണത്തിലിരിക്കുന്ന ഒരു പാർട്ടിക്ക് റിപ്പബ്ളിക് ദിനം ഒരുകാരണവശാലും ബഹിഷ്കരിക്കാൻ പറ്റില്ല.

ശിഹാബ് തങ്ങളുടെ നിലപാട് അറിയാൻ പത്രക്കാരെല്ലാം പാണക്കാട്ടെത്തി. ചിലർ ടെലിഫോണിൽ തങ്ങളുമായി ബന്ധപ്പെട്ടു. ഒറ്റ ഉത്തരമേ തങ്ങൾക്കുണ്ടായിരുന്നുള്ളൂ: 'സേട്ട് സാഹിബ് വരട്ടെ.' സേട്ടിനെ വിമർശിക്കാനുമില്ല; അദ്ദേഹം ഉന്നയിച്ച വിവാദത്തിന്റെ പേരിൽ മുസ്ലിംലീഗിനെ കുടുക്കാനുമില്ല. സൗമ്യവും തന്ത്രപരവുമായ നിലപാട്.

മുസ്ലിംലീഗിനെ കുരിശിലാക്കാൻ 'മുഖ്യശത്രുക്കൾ' പല അടവും പയറ്റാറുണ്ട്. ഇതിലൊന്നായിരുന്നു ബി. ജെ. പി പ്രസിഡന്റായിരുന്ന കെ. ജി. മാരാരുടെ പാണക്കാട് സന്ദർശനം. കോഴിക്കോട് നിന്ന് ചില ആർ. എസ്. എസ് നേതാക്കളെയും ഒപ്പം കൂട്ടി മാരാർ കാറിൽ പാണക്കാട്ടെത്തി. ചില പത്രക്കാർ കാര്യം മണത്തറിഞ്ഞു. പുകിലും പുക്കാറുമായി. കെ. ജി. മാരാർ പാണക്കാട്ട്. ശിഹാബ് തങ്ങളുമായി രഹസ്യ ചർച്ച. മറ്റൊരു പ്രത്യേകത കൂടിയുണ്ട് ആ സന്ദർഭത്തിന്. ബി. ജെ. പി വിരുദ്ധത ഏറ്റവും അധികം ഉയർന്നുനിന്നിരുന്ന സാമൂഹ്യപശ്ചാത്തലത്തിലാണ് കെ. ജി. മാരാർ പാണക്കാട്ടെത്തിയത്.

മാരാർ– തങ്ങൾ കൂടിക്കാഴ്ച പത്രക്കാർക്ക് ആഘോഷിക്കാൻ വകനൽകുന്നതായിരുന്നു. സാധാരണനിലയിൽ കുറച്ചുകാലത്തേക്ക് വിവാദമാക്കാവുന്ന വിഷയം. പക്ഷേ, ശിഹാബ് തങ്ങളെ അറിയുന്ന മുസ്ലിംലീഗുകാർക്കോ മുസ്ലീങ്ങൾക്കോ ഇത് വിഷയമല്ല. കെ. ജി. മാരാരായാലും ആർ. എസ്. എസ്സിന്റെ സർസംഘചാലകായാലും അതിഥിയായി എത്തുന്ന ആളുടെ മുന്നിൽ കൊട്ടിയടയ്ക്കുന്നതല്ല കൊടപ്പനയ്ക്കലെ വാതിൽ.

മാരാരുടെ സന്ദർശനത്തെപ്പറ്റി പലരും പലതും വ്യാഖ്യാനിച്ചു. പക്ഷേ, ശിഹാബ് തങ്ങളുടേതായി ഈ വിഷയത്തിൽ ഒരു വാചകം പോലും ഉദ്ധരിക്കാൻ ഒരാൾക്കും ലഭിച്ചില്ല. മൗനം വേണ്ടിടത്ത് മറ്റാരേക്കാളും മൗനിയാവാൻ തങ്ങൾക്ക് അറിയാം.

മറ്റൊരവസരം. മുസ്ലിംലീഗിന്റെ അതിനിർണ്ണായകമായ ഒരു യോഗം പാണക്കാട്ട് നടക്കുകയാണ്. അന്ന് ലീഗിന്റെ കെ.എം. ഹംസക്കുഞ്ഞാണ് ഡെപ്യൂട്ടി സ്പീക്കർ. വി.എം. സുധീരനുമായുള്ള വിഷയത്തിൽ പ്രശ്നമുണ്ടായി. ഹംസക്കുഞ്ഞിനെതിരെ ലീഗ് എന്ത് നിലപാട് സ്വീകരിക്കുമെന്ന് അറിയാൻ ഏവരും കാതോർത്തിരിക്കുന്ന സമയം. ഉച്ചയ്ക്ക് രണ്ട് മണിക്ക് ആരംഭിച്ച മീറ്റിംഗ് രാത്രി പത്തുമണിയായിട്ടും കഴിയുന്നില്ല. കൊടപ്പനയ്ക്കലെ വീടിന്റെ മുകൾത്തട്ടിൽ നിന്ന് സീതിഹാജിയുടെയും മറ്റും ഉച്ചത്തിലുള്ള ശബ്ദം കേൾക്കാം. പുറത്ത് കാത്തിരിക്കുന്ന പത്രക്കാർക്ക് ഊഹിക്കാനും വ്യാഖ്യാനിക്കാനും ഏറെ വക. ഹംസക്കുഞ്ഞിനെ എന്ത് ചെയ്തു. ഏവർക്കും അതായിരുന്നു അറിയേണ്ടത്. ഹംസക്കുഞ്ഞിനെ സസ്പെൻഡ് ചെയ്യുമെന്ന് ഏതാണ്ട് എല്ലാവരും ഊഹിച്ചു. അതുതന്നെ നടക്കുകയും ചെയ്തു. പക്ഷേ, നിശ്ചിത തീയതിക്ക് മുമ്പ് ശിഹാബ് തങ്ങളിൽ നിന്ന് ആ വാർത്ത നേരിട്ട് കിട്ടുകയായിരുന്നു പത്രക്കാർക്ക് വേണ്ടത്. എന്നാൽ, എത്ര ചോദ്യങ്ങൾ ഉതിർത്തിട്ടും അതിനുള്ള ഉത്തരം മാത്രം തങ്ങൾ നൽകിയില്ല.

മുന്നണി വിട്ട മുസ്ലിംലീഗ്. തൊണ്ണൂറുകളിലെ ഏറ്റവും വലിയ ആക്ഷേപഹാസ്യനാടകമായിരുന്നു അത്. 91 ലെ ജില്ലാ കൗൺസിൽ തിരഞ്ഞെടുപ്പിൽ യു. ഡി.എഫ് തോറ്റ് തുന്നംപാടിയപ്പോൾ രണ്ടും കൽപ്പിച്ച് മുസ്ലിംലീഗ് യു.ഡി.എഫിൽ നിന്ന് പുറത്തുകടന്നു. അന്നത്തെ യൂത്ത് ലീഗിന്റെ നേതൃത്വത്തിൽ കാസർകോട് നിന്ന് തിരുവനന്തപുരത്തേക്ക് കോൺഗ്രസിനെ തെറി വിളിച്ചുകൊണ്ടുള്ള ജാഥയും നടന്നു. പക്ഷേ, ശിഹാബ് തങ്ങളിൽ നിന്ന് ഒരക്ഷരം പോലും 'ആന്റി കോൺഗ്രസാ'യി വന്നില്ല. കോൺഗ്രസിനെതിരെ മുസ്ലിംലീഗ് നേതാക്കൾ സകലരും ഘോരഘോരം പ്രസ്താവനകളും പ്രസംഗങ്ങളും നടത്തുമ്പോഴും ഒരു പൂർണ്ണ വാചകം കോൺഗ്രസ് വിരുദ്ധമായി തങ്ങളുടേതായി കൊടുക്കാൻ ഒരു പത്രക്കാർക്കും കിട്ടിയില്ല.

1987 ലാണ്. മുസ്ലിംലീഗുകളുടെ ലയനത്തിനു ശേഷം അസംബ്ളി തിരഞ്ഞെടുപ്പ് നടക്കുന്ന സമയം. സ്ഥാനാർത്ഥിനിർണ്ണയം ഏറെ പ്രശ്നമുണ്ടാക്കിയ സമയം. അഖിലേന്ത്യാലീഗിൽ നിന്ന് വന്നവരുടെ പ്രാതിനിധ്യം. അതായിരുന്നു പ്രശ്നം. പത്രക്കാർക്ക് അറിയേണ്ടതും അതിന്റെ വിശദാംശങ്ങൾ. അഖിലേന്ത്യാ ലീഗുകാർക്ക് എത്ര സീറ്റ് നൽകും. പ്രഖ്യാപിച്ച സീറ്റുകളിൽ ഇനി മാറ്റമുണ്ടാവുമോ.

തലങ്ങും വിലങ്ങും ചോദ്യങ്ങൾ. അപ്പോഴും ഉത്തരം ഒന്ന് മാത്രം. മുസ്ലിംലീഗുകാരുടെ സ്ഥാനാർത്ഥിലിസ്റ്റ് പ്രഖ്യാപിച്ചുകഴിഞ്ഞു. വീണ്ടും ചോദ്യം. അഖിലേന്ത്യാ ലീഗിന് ഇത്രയേ ഉള്ളോ. പത്രക്കാരുടെ ഈ ചോദ്യത്തിന്റെ ലക്ഷ്യം അറിയാത്ത ആളല്ല ശിഹാബ് തങ്ങൾ. പക്ഷേ, അതിന് നേർക്കുനേരോരുത്തരം തങ്ങളിൽ നിന്ന് ആരും പ്രതീക്ഷിക്കേണ്ട.

മുസ്ലിംലീഗിലെ പല നേതാക്കളെ കുറിച്ചും തമാശകൾ ഇറക്കാറുണ്ട്. ലീഗിലെ തന്നെ നേതൃവൃന്ദവുമായി അടുപ്പമുള്ള ആളുകളാവും ഇത്തരം കഥകൾ ഇറക്കുക. പക്ഷേ, ശിഹാബ് തങ്ങളുടെ കാര്യം വരുമ്പോൾ ഇത്തരം തമാശക്കഥകൾക്ക് സ്ഥാനമില്ല. തമാശയ്ക്ക് പോലും ശിഹാബ് തങ്ങളെ 'തൊട്ടുകളിക്കാൻ' ഒരാളും തയ്യാറാവില്ല. വെണ്ണിലാവ് പോലുള്ള ആ വിസ്മയത്തെ തമാശ കൊണ്ട് തകർക്കാൻ ആരാണ് തുനിയുക.

# പ്രതിസന്ധികളിൽ പതറാത്ത ലീഗ്



കേരളരാഷ്ട്രീയത്തിൽ അസാമാന്യമായ സ്വാധീനം ചെലുത്തിയിരുന്ന മുസ്ലീം ലീഗി


...യേയും അടിയന്തിരാവസ്ഥയേയും ശക്തമായി അനുകൂലിച്ചു.

...രെയും അകറ്റാതെ ഒരുമിച്ചുകൊണ്ടുപോകാൻ തങ്ങൾക്കു കഴിഞ്ഞിരുന്നു.

ന്റെ സംസ്ഥാന പ്രസിഡന്റുമെന്നെയാണ പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങളുടെ വേർപാടോടെ പാർട്ടിക്ക് നഷ്ടമായത്.

ഇന്ത്യ വിഭജനത്തിനുശേഷം 1948 മാർച്ച് പത്തിന് ചെന്നൈയിലെ രാജ്ഗ്ജി ഹാളിൽ ഖഇദെ മില്ലത്ത് ഇസ്മായി സാഹിബിന്റെയും സീതിസാഹിബിന്റെയും നേതൃത്വത്തിൽ ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് രൂപീകരിക്കുമ്പോൾ വിഭജനത്തിന്റെ മാഞ്ഞുപോകാത്ത കറകളൊക്കെ മുസ്ലീം ലീഗ് തേച്ച് മായ്ച്ചുകളയുകയായിരുന്നു. ജവഹർലാൽ നെഹ്റു ചത്തകുതിരയെന്ന് ആക്ഷേപിച്ച മുസ്ലീം ലീഗിനെ ജീവസ്സുറ്റതാക്കിത്തീർക്കുവാൻ കേരളത്തിലെ പരീക്ഷണങ്ങൾക്ക് കഴിഞ്ഞു.

മുന്നണി രാഷ്ട്രീയത്തിന്റെ ട്രപ്പീസിനിടയിൽ സമർത്ഥമായി ചാടാനും മറിയാനും പഠിച്ച മുസ്ലീം ലീഗ് കേരളരാഷ്ട്രീയത്തിലെ ഒഴിവാക്കാനാവാത്ത ചേരുവകളിലൊന്നായി. ആദ്യത്തെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയ്ക്ക് നേതൃത്വം കൊടുത്ത ഇ. എം. എസ്. നമ്പൂ



തിരിപ്പാടിന്റെ മന്ത്രിസഭയിലെ അംഗമായിരുന്ന വി. ആർ. കൃഷ്ണയ്യർ വരെ ലീഗിന്റെ പിന്തുണയോടെയാണ് ജയിച്ചത്.

അറുപതിൽ പട്ടംതാണുപിള്ള മുഖ്യമന്ത്രിയായിരിക്കെ സീതിസാഹിബ് സ്പീക്കർ കസേരയിലെത്തി. 1967-ലെ സപ്തകക്ഷി മുന്നണി മന്ത്രിസഭയിൽ ലീഗ് അംഗമായി. പിന്നീടൊരു മലക്കം മറിയലായിരുന്നു. ലീഗ് കോൺഗ്രസ്സിന്റെ ഒഴിച്ചുകൂടാനാവാത്ത സഖ്യകക്ഷിയായി. 1974 ൽ കോയ-കേയി ഭിന്നിപ്പിലൂടെ ലീഗ് പിളർന്നപ്പോഴും സെയ്ത് ഉമ്മർ ബാഫഖി തങ്ങളും സി. കെ. പി. ചെറിയ മമ്മുക്കേയിയും പി. എം. അബൂബക്കറും മഹമ്മൂദ് ഹാജിയും ഒക്കെ അടിയന്തിരാവസ്ഥയുടെ നാളുകളിൽ കാരിരുമ്പഴികൾക്കുള്ളിൽ കിടക്കുമ്പോഴും ലീഗ് ഇന്ദിരാഗാന്ധി

1984 മുതൽ കോൺഗ്രസ് തുടർന്നു വന്ന മൃദുഹിന്ദുത്വസമീപനം ശ്രീരാമ ജന്മഭൂമി ശിലാന്യാസത്തിലും ബാബറി മസ്ജിദ് തകർക്കലിലും എത്തിയപ്പോഴേക്കും ലീഗിന് വൈതരണികളുടെ നാളുകളായിരുന്നു. 1991 ൽ യു. ഡി. എഫിനെ വിട്ടശേഷം ഇടതുപക്ഷത്തുപോകാതെ വീണ്ടും വന്നപ്പോഴും '95 ൽ കരുണാകരനെതിരെ പടനയിച്ചപ്പോഴും 2000 ത്തിൽ മലപ്പുറത്ത് പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ അടവുനയം നടപ്പിലാക്കിയപ്പോഴും കോൺഗ്രസ് വിരുദ്ധ നിലപാടോ കോൺഗ്രസ് അനുകൂല നിലപാടിൽനിന്നുള്ള വ്യതിയാനമോ കാണാമായിരുന്നു. എങ്കിലും അഖിലേന്ത്യാതലത്തിലും ദേശീയ തലത്തിലും കോൺഗ്രസിന്റെ ഭാഗമായാണ് മുസ്ലീംലീഗ് നിന്നത്.

ദേശീയ രാഷ്ട്രീയത്തിലേക്കുള്ള കാൽവയ്പുകൾ എന്നൊക്കെ നടത്തിയിട്ടുണ്ടോ അന്നൊക്കെ തിരിച്ചടിയാണ് ലീഗിന് ലഭിച്ചത്. കോൺഗ്രസിനെ കൈവിടാനും വയ്യ. അഖിലേന്ത്യാതലത്തിലുള്ള മുസ്ലീം കൂട്ടായ്മകളൊക്കെ തന്നെ കോൺഗ്രസിനെതിരാണ്.

ജമ്മുകാശ്മീരിൽ നാഷ്ണൽ കോൺഫറൻസും പി.ഡി.പി.യും കഴിഞ്ഞാൽ മുസ്ലീംലീഗിന് ഇടമില്ല. യു.പി.യിൽ മുസ്ലീങ്ങളെ മായാവതിയും മുലായവും വീതിച്ചെടുത്തിരിക്കുന്നു. ബീഹാറിൽ ഇതു ചെയ്യുന്നത് ലാലുവാണ്. ബംഗാളിൽ സി. എമ്മുകാരനല്ലാത്ത മുസ്ലീങ്ങളെയൊക്കെ മമത തന്റെ വരുതിയിൽ നിർത്തിക്കഴിഞ്ഞു. ആന്ധ്രയിൽ അവർ ഉവൈസിമാരുടെ കൂട്ടത്തിലാണ്.

പീഡനങ്ങളുടെ പർവ്വങ്ങൾ എണ്ണിയെണ്ണി പറയാനുണ്ടായിട്ടും ഗുജറാത്തിൽ പേരിനുപോലും ഒരു ലീഗുകാരനെ കിട്ടിയിട്ടില്ല. പ്രതിപക്ഷം ശിവസേനയും ബി.ജെ.പി.യും ആയതുകാരണം മറാഠയിലെ മുസ്ലീങ്ങളൊക്കെ കോൺഗ്രസോ പവാറിന്റെ എൻ. സി. പി.യോ ആണ്. ആസാമിലെ തേയിലത്തോട്ടങ്ങളിൽ ബംഗ്ലാദേശിയെ മണക്കുന്ന മുസ്ലീങ്ങൾക്ക് ആഭിമുഖ്യം പ്രാദേശിക പാർട്ടികളോടാണ്.

മുസ്ലീം പ്രതീകങ്ങളിലൊന്നാണ് അലിഗഡ്. അലിഗഡിൽ മത്സരിച്ച മുസ്ലീം ലീഗ് സ്ഥാനാർത്ഥിക്ക് കഴിഞ്ഞ തിരഞ്ഞെടുപ്പിൽ കിട്ടിയത് 300 വോട്ടാണ്. അതുകൊണ്ട് തൽക്കാലം സംസ്ഥാന രാഷ്ട്രീയത്തിൽ ഒതുങ്ങുക. അതും കോൺഗ്രസിന്റെ ഭാഗമായി. ഇവിടെയും ലീഗിന്റെ മേച്ചിൽപ്പുറങ്ങൾ അവസാനിക്കുകയാണ്.

കേരളത്തിലെ കലുഷമാർന്ന മുന്നണി രാഷ്ട്രീയത്തിൽ പലപ്പോഴും അവസാന വാക്കായിത്തീർന്നത് പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങളുടെ ഇംഗിതമായിരുന്നു. ലീഗിലെ അന്തർദ്വന്ദങ്ങളിൽ പ്രശ്നപരിഹാരം നടത്തിയതും ശിഹാബ് തങ്ങളുടെ മാസ്മരികമായ വാക്കുകൾ തന്നെ. പാർട്ടിയെ കൈക്കുള്ളിലൊതുക്കാൻ കുഞ്ഞാലിക്കുട്ടിയും അതിനെ ചെറുക്കാൻ കുഞ്ഞാലിക്കുട്ടി വിരുദ്ധരും കൊമ്പുകോർത്തപ്പോൾ പുഞ്ചിരിയോടെ ആരെയും പിണക്കാതെ ആ

അമേരിക്കയിലെ കോടീശ്വരനും ഇന്ത്യക്കാരനുമായ ദിലീപ് വള്ളോടി പറഞ്ഞതുപോലെ സമാധാനത്തിന്റെ ഈ അന്ത്യപ്രവാചകനായിരുന്നു പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങൾ. യഥാർത്ഥ പ്രവാചകന്റെ രക്തം സിരകളിലൂടെ ഒഴുകുന്നതുകൊണ്ടാവാം മതഭക്തരായ കേരളീയ മുസ്ലീം സമൂഹം സുന്നി, മുജാഹിദ്, ജമാ അത്ത് വ്യത്യാസങ്ങളൊന്നും കൂടാതെ തങ്ങളെ അംഗീകരിക്കാനും ബഹുമാനിക്കാനും തയ്യാറായത്. ഇനിയും അത്തരമൊരു നേതൃപാടവശേഷി പ്രകടമാക്കാൻ പുതിയ തങ്ങൾമാർക്ക് കഴിയുമോ? കേരളം ഉറ്റുനോക്കുന്നത് അവിടെയാണ്.

ദേശീയ രാഷ്ട്രീയം അനുകൂലമല്ലാത്ത കൊടി കാണിക്കുമ്പോഴും കേരളത്തിലെ പ്രതിസന്ധികളെ തരണം ചെയ്യാനായി എവിടെ നിന്നോ എന്നറിയാത്ത ഊർജ്ജമാണ് ലീഗിന് ലഭിച്ചത്. 2006 ലെ നിയമസഭാ തിരഞ്ഞെടുപ്പിനേറ്റ കനത്ത തിരിച്ചടിക്കുശേഷം കോട്ടയ്ക്കലിൽ സംസ്ഥാനമുസ്ലീംലീഗ് പ്രവർത്തകസമിതി രണ്ടുദിവസം കൂടാൻ തീരുമാനിച്ച് മൂന്നാം ദിവസത്തിലേക്ക് നീണ്ടത് നേതൃത്വത്തോടുള്ള കടുത്ത വിയോജിപ്പുകാരണമായിരുന്നു.

കുറ്റിപ്പുറത്തെയും തിരൂരിലെയും ശക്തികേന്ദ്രങ്ങളിൽ ലീഗ് മുഖമടച്ചുവീണപ്പോൾ ഇനി തിരിച്ചുകയറില്ലെന്ന് പ്രതീക്ഷിച്ചവരെ നിരാശരാക്കിയാണ് കഴിഞ്ഞ ലോക്സഭാതിരഞ്ഞെടുപ്പിൽ പൊന്നാനിയിലും മലപ്പുറത്തും വിജയക്കൊടി പാറിച്ചത്. ഓരോ പരാജയവും കനത്ത ആഘാതമേൽപ്പിക്കുമ്പോൾ സ്വയമേവ തിരിച്ചുവരുന്നത് ലീഗിന്റെ പ്രത്യേകതയാണ്. ബാബറി മസ്ജിദ് പശ്ചാത്തലത്തിൽ ഗുരുവായൂരിൽ സമദാനി തോറ്റപ്പോൾ രണ്ടുവർഷം കഴിഞ്ഞ് തിരൂരങ്ങാടിയിൽ ആന്റണിയെ വിജയിപ്പിച്ച് ലീഗ് കരുത്തുകാട്ടി.

ദൈവത്തിന്റെ നാട്ടിൽ ദൈവികഭരണം മാത്രം എന്നു പറഞ്ഞ ജമാ അത്തെ ഇസ്ലാമിയും കാലുപോയ മഅദ്നിക്കായി പതിനായിരം കാലുകളുമായി രംഗത്തിറങ്ങിയ പി.ഡി.പിയും അഖിലേന്ത്യാ പ്രസിഡന്റ് തന്നെ വിഘടിച്ചുപോയി ഉണ്ടാക്കിയ ഐ. എൻ. എല്ലും ഒരു കാലഘട്ടത്തിൽ ലീഗിന് കനത്ത വെല്ലുവിളിയാണ് ഉയർത്തിയിരുന്നത്.

ഫാറുഖ് മൗലവിയുടെ മുസ്ലിം ഡെമോക്രാറ്റിക് പാർട്ടിയും സിമിയുമൊക്കെ ഓരോ കാലഘട്ടത്തിലെ ലീഗിന്റെ മുസ്ലിം രാഷ്ട്രീയത്തെ വെല്ലുവിളിച്ചപ്പോൾ മതവും അധികാരവും രാഷ്ട്രീയവും ഒരു പ്രത്യേക ചേരുവയിൽ ചേർത്ത് ലീഗ് അതിന് ചുട്ടമറുപടി നല്കി. അന്നൊക്കെ ലീഗിന് ആദ്ധ്യാത്മിക പരിവേഷമുള്ള ഒരു നേതാവ് തലപ്പത്തുണ്ടായിരുന്നു. പാണക്കാട് തങ്ങൾക്ക് ശേഷമുള്ള ലീഗ് എന്തു ചെയ്യും?

തങ്ങളുടെ അടുത്ത ശിഷ്യനും സ്നേഹവായ്പും കൈത്താങ്ങും എപ്പോഴും ഏറ്റുവാങ്ങിയ വിവാദനായകനുമായ കുഞ്ഞാലിക്കുട്ടിയെ അന്ധകാരത്തിൽ ആഴ്ത്തിയാണ് തങ്ങൾ കടന്നുപോയത്. നമുക്ക് എല്ലാം പോയി.

ഇനി ഒന്നുമില്ല. എന്നു വിലപിക്കുന്ന കുഞ്ഞാലിക്കുട്ടി ചൂണ്ടിക്കാട്ടുന്നത് ഒരു രാഷ്ട്രീയപ്പാർട്ടിയുടെ അദ്ധ്യക്ഷന്റെ മരണത്തെ മാത്രമല്ല. മതസംഘടനയുടെ ആദ്ധ്യാത്മിക ആചാര്യന്റെ വിടവാങ്ങലിനെയുമല്ല. മറിച്ച് ആദ്ധ്യാത്മികതയെയും രാഷ്ട്രീയത്തെയും മതത്തെയും പാരമ്പര്യത്തെയും സമ്മിശ്രമായി കൂട്ടിയിണക്കിയ ഒരു പ്രത്യേക രാഷ്ട്രീയ സംവിധാനത്തിന്റെ തലവന്റെ വേർപാടിനെയാണ്.



കേരളകൗമുദി ഫ്ലാഷിന്റെ ഒൻപതാമത് എഡിഷൻ മലപ്പുറത്ത് പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ സിനിമാ നടൻ മമ്മൂട്ടിന്ക്ക് നൽകി പ്രകാശനം ചെയ്യുന്നു

# ആ സാന്നിധ്യം തന്നെ ശാന്തിയും അച്ചടക്കവും പകർന്നു

**കെ. പി. രാജീവൻ**

വൈകാരികമായ സമീപനങ്ങളിലൂടെ ഏത് ജനസഞ്ചയത്തിന്റെയും ഹൃദയത്തിൽ ഇടംതേടാൻ മത്സരിക്കുന്ന മതരാഷ്ട്രീയ നേതാക്കളുള്ള നമ്മുടെ നാട്ടിൽ പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങൾ ഇതിൽ നിന്നും എപ്പോഴും വ്യത്യസ്ഥനായിരുന്നു. വിവേകത്തോടെ അല്ലാതെ ഒരു പ്രശ്നത്തിലും ഒരിക്കലും അദ്ദേഹം ഇടപ്പെട്ടിരുന്നില്ല. അദ്ദേഹത്തിന്റെ സാന്നിധ്യം തന്നെ ഈ ദൈവത്തിന്റെ സ്വന്തം നാട്ടിൽ ഒരു അനുഭവമായിരുന്നു. അതിന് കേരള കൗമുദിയ്ക്കും ഒരു ഉദാഹരണം ചൂണ്ടിക്കാണിക്കാനുണ്ട്. കേരളകൗമുദി ഫ്ലാഷിന്റെ ഒൻപതാമത് എഡിഷൻ മലപ്പുറത്ത് തുടങ്ങുമ്പോൾ ഉദ്ഘാടകൻ ആര് വേണമെന്ന കാര്യത്തിൽ അൽപ്പം പോലും ചിന്തിക്കേണ്ടി വന്നില്ല. ശിഹാബ് തങ്ങൾ അത് സന്തോഷപൂർവം ഏൽക്കുകയും ചെയ്തു. അദ്ദേഹത്തിൽ നിന്നും ആദ്യ പതിപ്പ് ഏറ്റുവാങ്ങുന്നതാകട്ടെ സിനിമ താരം മമ്മൂട്ടിയും. 2008 മേയ് 17ന് നടന്ന ആ പ്രകാശന ചടങ്ങിന്റെ വേദി മലപ്പുറം കോട്ടക്കുന്നായിരുന്നു. ഈ വേദി അനുവദിച്ച് കിട്ടുന്നതിനായി ജില്ല ഭരണകൂടത്തേയും ടൂറിസം വകുപ്പിനെയും സമീപിച്ചപ്പോൾ ആദ്യം തന്നെ അവർ ഇതിനെ എതിർത്തു. ചെറിയ ഗാനമേളകൾ പോലും ഇവിടെ അക്രമത്തിൽ കലാശിക്കുന്നതും അലങ്കോലമാകുന്നതും പതിവാണെന്നും മമ്മൂട്ടി പങ്കെടുക്കുന്ന പരിപാടി അവൻ അക്രമത്തിലും നാശനഷ്ടത്തിലും കലാശിക്കുമെന്നുമായിരുന്നു അവരുടെ നിലപാട്. ഒടുവിൽ പൊലീസിന്റെ കർശനമായ സുരക്ഷയുടെ ബലത്തിൽ വേദി അനുവദിച്ചു. ഉച്ചയോടെ തന്നെ ഒരു ലക്ഷത്തിലധികം ആളുകൾ കോട്ടക്കുന്നിലേക്ക് ഒഴുകിയെത്തി. വൈകുന്നേരം നാല് മണിയ്ക്ക് തന്നെ ശിഹാബ് തങ്ങളും മമ്മൂട്ടിയും വേദിയിലെത്തി. ആഹ്ലാദഭരിതരായ ജനക്കൂട്ടം ഇളകി മറിഞ്ഞപ്പോഴും അവർ തികഞ്ഞ അച്ചടക്കം പാലിച്ചു. ഉദ്ഘാടന ചടങ്ങുകൾ കഴിഞ്ഞു. ശിഹാബ് തങ്ങളും മമ്മൂട്ടിയും വേദിവിട്ട ശേഷം ഒട്ടേറെ കലാപരിപാടികളും അരങ്ങേറി.

ഒട്ടേറെ പരിപാടികൾ വെട്ടിച്ചുരുക്കി ചടങ്ങ് വേഗം അവസാനിപ്പിക്കാൻ പൊലീസ് നിർദ്ദേശിച്ചെങ്കിലും മുഴുവൻ പരിപാടികളും അവതരിപ്പിച്ച് രാത്രിയേറെ വൈകിയാണ് ചടങ്ങുകൾ അവസാനിച്ചത്. ഒടുവിൽ ജനക്കൂട്ടം ശാന്തരായി പിരിഞ്ഞ് പോകുകയും ചെയ്തു.

ശിഹാബ് തങ്ങൾ പങ്കെടുത്ത പരിപാടി അലങ്കോലമാക്കരുതെന്നും അവിടെ അക്രമം കാണിക്കരുതെന്നുമുള്ള ബോധം അവിടെയെത്തിയ ഓരോ ആളുകളിലും ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ സാന്നിധ്യം തന്നെ ശാന്തരായി ഇരിക്കാനും അച്ചടക്കം പാലിക്കാനുമുള്ള ഒരു സന്ദേശമായി ജനങ്ങൾക്ക് ഉൾക്കൊള്ളാൻ കഴിഞ്ഞു.

## *നഷ്ടങ്ങൾ നികത്തപ്പെടാം പക്ഷേ... പകരമാവില്ല*

(ഒന്നാം പേജിൽ നിന്നും തുടർച്ച )

വ്യക്തിബന്ധങ്ങളെ ഇത്രസൂക്ഷ്മമായും ലളിതമായും സംരക്ഷിക്കുന്നതും പരിപാലിക്കുന്നതും കാണുമ്പോൾ വിസ്മയം തോന്നിയിട്ടുണ്ട്.

ആ മുഖത്ത് വറ്റാതെ എപ്പോഴും പ്രകടമായ പ്രസന്നത തങ്ങളുടെ ഹൃദയംതന്നെയായാണെന്ന്, ആ സ്നേഹവായ്പ് അനുഭവിച്ചറിഞ്ഞതാണ് ഞാനും എന്റെ കുടുംബവും. ആരാധകരുടെയല്ല, ഒരു സമൂഹത്തിന്റെയാകെ ഉത്തുംഗശൃംഗങ്ങളിൽ പകരങ്ങളില്ലാതെയിരിക്കുമ്പോഴും സ്നേഹത്തിന്റെ നിറകുടമായി ഒപ്പമുണ്ടായിരുന്നു. പിതൃതുല്യൻ എന്നത് ഒരു വിശേഷണം മാത്രമാണെങ്കിലും അത് സത്യമാണ്.

പിതൃവാൽസല്യം ആവോളം നൽകിയിട്ടുണ്ട്. ഞങ്ങളുടെ കുടുംബവുമായുള്ള അവിസ്മരണീയ ബന്ധം. ഞങ്ങളുടെ ചുവടുവെയ്പുകളിൽ വളർച്ചകളിൽ പ്രതീക്ഷയായും പ്രാർത്ഥനയായും അനുഗ്രഹമായും എല്ലാം തങ്ങളുണ്ടായിരുന്നു. ഞങ്ങളുടെ സ്ഥാപനങ്ങളിലെ ഓരോരുത്തരുടെയും ഹൃദയങ്ങളിൽ ഇടം നേടിയതാണ് ആ വ്യക്തിത്വം.

കണ്ടറിഞ്ഞതിലും കേട്ടറിഞ്ഞതിലും അത്യപൂർവതയിൽ അപൂർവമായ മഹത്വം. പരിചയപ്പെട്ട ആർക്കും സ്നേഹ സമ്പന്നമായ വിനയാന്വിതമായ ആ പെരുമാറ്റത്തെയും ആ മുഖത്തെയും മറക്കാനാവില്ല. അനാരോഗ്യത്തിലും തിരക്കുകൾക്കിടയിലും ഞങ്ങളുടെ വഴികാട്ടിയായി തങ്ങളുണ്ടായിരുന്നു. ഞങ്ങളുടെ മാർഗദീപം അത് അണഞ്ഞെന്ന് വിശ്വസിക്കാനാവുന്നില്ല. ആ മഹാത്മാവിനെ സ്മരിക്കുമ്പോൾ അതിന് ഭാഗഭാക്കാകാൻ കഴിഞ്ഞത് തന്നെ ഭാഗ്യവും പുണ്യവുമായി കരുതുന്നു.

## പവിത്രം ഈ ബന്ധം

(ഒന്നാം പേജിൽ നിന്നും തുടർച്ച )

വേദനിക്കുമ്പോഴും പ്രയാസങ്ങൾ അനുഭവപ്പെടുമ്പോഴും ശിഹാബ് തങ്ങളുടെ ഒരു വാക്ക് മതിയായിരുന്നു മനസിന് കരുത്ത് പകരാൻ. മനസിന്റെ മുറ്റത്ത് സുഗന്ധവും സൗന്ദര്യവും പരത്തി നിന്ന, സ്നേഹവും നിഷ്കളങ്കതയും നിറഞ്ഞ നിന്ന മഹാ വ്യക്തി ത്വമാണ് തങ്ങൾ. കാലയവനികയ്ക്കുള്ളിൽ മറിയുന്നവർ ഇനി തിരിച്ചുവരില്ലെന്നറിയാം. എങ്കിലും ചില നഷ്ടങ്ങൾ അത് പാടില്ലായിരുന്നുവെന്ന് കരുതില്ലേ. അതുപോലെയാണ് തങ്ങളുടെ വേർപാട്.



ശിഹാബ് തങ്ങളുടെ സ്നേഹം ഇനി തിരിച്ചു കിട്ടില്ലെന്ന് അറിയാം. എനിക്ക് മാത്രമല്ല. ഒരു സമൂഹത്തിന് ആകെയുണ്ടായ നഷ്ടം നികത്താനാവാത്തതാണ്. ഞാൻ മാത്രമല്ല. ഒരു ജനത മുഴുവൻ തങ്ങളുടെ വേർപാടിൽ വേദനിക്കുന്നു.

ശിഹാബ് തങ്ങളെ കുറിച്ചുള്ള സ്മരണികയിൽ ഒരു വരികുറിക്കാൻ കഴിഞ്ഞത് അവിസ്മരണീയവും സുകൃതവുമാണ്.

# പുസ്തകത്തെ സ്നേഹിച്ച ഉപ്പ



പാണക്കാട് സയ്യിദ്
മുനവ്വറലി ശിഹാബ് തങ്ങൾ

ഉപ്പയെക്കുറിച്ചു പറയുമ്പോൾ ഉമ്മപറഞ്ഞ കാര്യമാണ് തങ്ങളുടെ ഇളയമകൻ പാണക്കാട് മുനവ്വറലി തങ്ങൾ ഓർക്കുന്നത്. ഞങ്ങൾ രണ്ടു പേരും ചെറിയ കുട്ടികളായിരുന്ന സമയത്ത് ഉപ്പ പലപ്പോഴും ഉമ്മയുടെ കൊയിലാണ്ടിയിലെ വീട്ടിലാണ് ഉണ്ടായിരുന്നത്. അവിടത്തെ മുറിയിലിരുന്ന് പുസ്തകങ്ങൾ വായിക്കുകയാണ് ഉപ്പ എപ്പോഴും ചെയ്തുകൊണ്ടിരുന്നത്. ഇതുകണ്ട് ഉമ്മ പറയും എപ്പോഴും ഇങ്ങനെ വായിച്ചിരുന്നൽ മതിയോ. കുട്ടികളുടെ കൂടെ കുറച്ചു സമയം ചെലവഴിച്ചുകൂടെ. എന്താണ് അവരോട് വർത്തമാനമൊന്നും പറയാതെ എപ്പോഴും ഇങ്ങനെ വായിച്ചിരിക്കുന്നത്. എന്നിട്ടും ഞങ്ങളോട് ഉപ്പ ഒന്നും സംസാരിക്കാതെ വീണ്ടും വായന തുടരും. ചിലപ്പോൾ ഇതുകണ്ട് ദേഷ്യം വന്ന് ഉമ്മ പുസ്തകമെടുത്ത് വലിച്ചെറിയും.

ഒരിക്കൽ ഷാർജയിൽ ഞങ്ങളൊരുമിച്ച് ബുക്ക് ഫെസ്റ്റിവലിൽ പോയി. അതൊരു ഇന്റർനാഷണൽ ബുക്ക് ഫെസ്റ്റിവലായിരുന്നു. രാവിലെ മുതൽ വൈകിട്ട് വരെ ഉപ്പ പുസ്തകങ്ങളൊക്കെ നടന്നുകണ്ട് വായിച്ചു നോക്കി. പലതും വാങ്ങിക്കൂട്ടി. വൈകുന്നേരം വരെ പുസ്തകശാലയിലൂടെ നടന്ന ഞങ്ങൾക്കൊക്കെ ക്ഷീണമായി. ഉപ്പയ്ക്ക് ഒരു ക്ഷീണവും ഉണ്ടായിരുന്നില്ല. ഇസ്ലാമിക ചരിത്രവും സാഹിത്യവുമായിരുന്നു ഉപ്പയുടെ ഇഷ്ട വിഷയങ്ങൾ. പലസ്തീൻ എപ്പോഴും ഉപ്പയ്ക്ക് ഇഷ്ടപ്പെട്ട സ്ഥലമായിരുന്നു. അവിടത്തെ ഏറ്റവും പ്രധാനപ്പെട്ട മസ്ജിദുൽ ഹഖ്സ എന്ന പള്ളിയെ ചുറ്റിപ്പറ്റിയായിരുന്നു പലപ്പോഴും ഉപ്പയുടെ ചരിത്രാന്വേഷണങ്ങൾ. പ്രവാചകൻ മുഹമ്മദ് നബിയ്ക്ക് മുമ്പുണ്ടായിരുന്ന പ്രവാചകരെക്കുറിച്ചും മറ്റുമുള്ള അന്വേഷണങ്ങൾ ഈ പള്ളിയെക്കുറിച്ച് ഓർക്കുമ്പോഴാണ് ഉണ്ടാവുക. അറബി പുസ്തകങ്ങളായിരുന്നു പലപ്പോഴും ഉപ്പവായിച്ചിരുന്നത്. അറബ് മാഗസിനുകളിലെ അഡ്രസ്സുകൾ തപ്പിയെടുത്ത് പുസ്തകം അയച്ചുതരാൻ ഉപ്പ കമ്പനിക്കാർക്ക് എഴുതും. പാണക്കാട്ടെ വീട്ടിലെ മുകളിലത്തെ മുറിയിലായിരുന്നു പുസ്തകങ്ങളൊക്കെ അടുക്കിവെച്ചിരുന്നത്. ഒരിക്കൽ മലേഷ്യയിൽ ഞാൻ പഠിക്കുന്ന കോളേജിൽ ഉപ്പ വന്നു. ഞാനവിടെ ഇന്റർനാഷണൽ ഇസ്ലാമിക് യൂണിവേഴ്സിറ്റിയിലായിരുന്നു പഠിച്ചിരുന്നത്. കേരളത്തിലെ വിദ്യാഭ്യാസ രീതിയെക്കുറിച്ചും സമകാലിക പ്രശ്നങ്ങളെക്കുറിച്ചുമൊക്കെ അവിടത്തെ വൈസ് ചാൻസലർ ഡോ. കമൽ ഹസ്സനുമായി ഉപ്പ സംസാരിച്ചു. യൂണിവേഴ്സിറ്റിയുടെ പ്രവർത്തനങ്ങളെക്കുറിച്ചും മറ്റും ഉപ്പ ചോദിച്ചറിഞ്ഞു. "യമനു"മായി ബന്ധപ്പെട്ട ചരിത്രങ്ങളറിയാൻ ഉപ്പയ്ക്ക് വലിയ താൽപര്യമായിരുന്നു. താരിഖുൽ യമൻ തുടങ്ങിയ ഒരുപാട് പുസ്തകങ്ങൾ ഇതുസംബന്ധിച്ച് സംഘടിപ്പിച്ചു വായിച്ചു. പലപ്പോഴും ഉപ്പ നോട്ടുകൾ എഴുതിയെടുക്കുമായിരുന്നു. ഖുർ ആനിൽ പറഞ്ഞിരിക്കുന്ന ബൾക്കീസ് രാജ്ഞിയുടെ കൊട്ടാരവുമൊക്കെ തേടിയുള്ള ചരിത്രത്തിലേക്കുള്ള യാത്രയായിരുന്നു ഉപ്പയ്ക്കിഷ്ടം. മുസ്ലീം ചരിത്രത്തെക്കുറിച്ചുള്ള വിശദമായ പുസ്തകമെഴുതണമെന്നായിരുന്നു ഉപ്പയുടെ സ്വപ്നം. മലേഷ്യൻ യാത്രയെക്കുറിച്ച് ചന്ദ്രികയിൽ യാത്രാക്കുറിപ്പുകൾ എഴുതിയിരുന്നു. ഈജിപ്തിൽ കോളേജ് പഠനകാലത്ത് പഠിച്ചിരുന്ന പുസ്തങ്ങൾ മലേഷ്യയിൽ വന്നപ്പോഴും ഉപ്പ തിരക്കിനോക്കിയിരുന്നു. ലൈബ്രറിയിൽ പോയി ഞാൻ പല പുസ്തകങ്ങളും ഉപ്പയ്ക്ക് എടുത്തുകൊടുക്കും.

വായനയോടൊപ്പം മക്കളുടെ പഠന കാര്യത്തിലും ഉപ്പ വളരെയേറെ ശ്രദ്ധിച്ചിരുന്നു. പത്താംക്ലാസ് പഠനത്തിന് ശേഷം പ്ലസ്ടുവിന് മദ്രാസിൽ പോയി പഠിക്കണമെന്ന് ഉപ്പ തന്നെയാണ് നിർദ്ദേശിച്ചത്. ചെന്നൈയിലുള്ള കുഞ്ഞിമോൻ ഹാജിയെ വിളിച്ച് ക്രസന്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഫസ്റ്റ്ഗ്രൂപ്പ് പ്രവേശനത്തിനുള്ള ഏർപ്പാടുകളൊക്കെ ഉപ്പ ചെയ്യിപ്പിച്ചു. ഫസ്റ്റ് ഗ്രൂപ്പ് എടുത്തതുകൊണ്ട് സ്വാഭാവികമായും എഞ്ചിനീയറിംഗ് പ്രവേശനത്തിനുള്ള അപേക്ഷ ഞാൻ അയച്ചിരുന്നു. പഠനം കഴിഞ്ഞ് തിരിച്ച് വീട്ടിലെത്തിയപ്പോഴാണ് തപാൽ വഴി ഹാൾ ടിക്കറ്റ് എത്തിയത്. എനിക്കാണെങ്കിൽ അപ്പോഴേക്കും എഞ്ചിനീയറിംഗ് പഠിക്കാനുള്ള ആഗ്രഹമൊക്കെ ഇല്ലാതായിരുന്നു. ഹാൾ ടിക്കറ്റ് വന്നയുടനെ ചെന്നൈയിലേക്കുള്ള ഫ്ലൈറ്റ് ടിക്കറ്റൊക്കെ ഉപ്പ ഏർപ്പാടാക്കി. എഞ്ചിനീയറിംഗിന് പോയില്ലെന്ന് വേറെക്കാര്യം. ഉപ്പയോടുള്ള ബഹുമാനംകൊണ്ട് ഉപ്പ പഠിച്ച കെയ്റോവിലെ അൽ അസ്ഹറിൽ തന്നെ പഠിക്കണമെന്നായിരുന്നു എന്റെ ആഗ്രഹവും. അതറിഞ്ഞപ്പോൾ ഉപ്പയും അതിനെതിരുനിന്നില്ല. അറബി ഭാഷയിലുള്ള പ്രാവീണ്യക്കുറവുകൊണ്ടാണ് തുടക്കത്തിലെനിക്ക് പ്രവേശനം ലഭിക്കാതിരുന്നത്. തൽക്കാലം കോഴിക്കോട് ഫറൂഖ് കോളേജിൽ ഡിഗ്രിയ്ക്ക് ചേരാൻ തീരുമാനിച്ചു. പിന്നീടാണ് മലേഷ്യയിൽ പ്രവേശനം ലഭിച്ചത്. ആദ്യ തവണ പല കാരണങ്ങൾക്കൊണ്ടും പ്രവേശനം ലഭിച്ചിരുന്നില്ല. എന്നാൽ അടുത്ത തവണ എനിക്ക് പ്രവേശനം കിട്ടി. പത്ത് ദിവസത്തോളം ഉപ്പ എന്റെ കൂടെ വന്ന് താമസിച്ചിരുന്നു. മുസ്ലീം ലീഗ് ജന. സെക്രട്ടറി കുഞ്ഞാലിക്കുട്ടി സാഹിബും ആദ്യത്തെ മൂന്നുനാലു ദിവസം കൂടെയുണ്ടായിരുന്നു.

പഠനത്തിന് ശേഷം ബാപ്പയോടൊപ്പം ചെലവഴിക്കാൻ വളരെയധികം സമയം ലഭിച്ചു. അമേരിക്കയിൽ ചികിത്സയ്ക്ക് ബാപ്പ പോയപ്പോൾ ഞാനും കൂടെപ്പോയിരുന്നു. ഡോക്ടർമാരുടെ നിർദ്ദേശങ്ങൾ കൊച്ചുകുട്ടിയെപ്പോലെ അനുസരിക്കുന്ന ഉപ്പയെ ഞാനിപ്പോഴും ഓർക്കുന്നു. മരണ വിവരം അറിഞ്ഞ് ഉപ്പയെ ചികിത്സിച്ചിരുന്ന ഡോക്ടർമാരൊക്കെ വിളിച്ചിരുന്നു. ചികിത്സയിലായിരുന്ന സമയത്താണ് ഉമ്മയുടെ മരണവിവരം അറിയുന്നത്. രക്തസമ്മർദ്ദത്തിന്റെ പ്രശ്നങ്ങളുള്ളതുകൊണ്ട് തൽ... പ്പയെ മരണവിവരം അറിയിച്ചി... കിത്സ കഴിഞ്ഞ് വീട്ടിൽ വന്ന... രണവിവരം അറിയുന്നത്. എന... ചിത്തതയോടെ ഉപ്പ അതിനെ... എനിക്ക് എന്തെല്ലാം നല്ല ഗു... ഭിച്ചിട്ടുണ്ടോ അതെല്ലാം ഉപ്പ... ലഭിച്ചതാണ്. ഒന്നും വാക്കുകള... ഉപ്പ ഉപദേശിച്ചതായിരുന്നില്ല. ...ത്തിന്റെ പ്രവർത്തനങ്ങളിൽ ന... മനസ്സിലാക്കിയതായിരുന്നു. ഒ... ടൊത്തുള്ള ജീവിതത്തിന്റെ ഓ... വും ഓരോ പാഠങ്ങളായിരുന്ന... തെ പറയുന്ന പാഠങ്ങൾ.

## മായാതെ, ഈ സ്നേഹത്തിന്റെ പ്രകാശം

(പേജ് ഒന്ന് തുടർച്ച)

നോക്കിലും നടപ്പിലും വാക്കിലും സമാധാനത്തിൻെറ ശൈലി മാത്രം സൂക്ഷിച്ച നേതാവ്. രാഷ്ട്രീയത്തിൻെറയും സമുദായത്തിൻെറയും നേതൃത്വത്തിന് എന്നും മാതൃകയായ ജീവിതം. മൗനം അദ്ദേഹത്തിൻെറ ശക്തിയായിരുന്നു. ചെറിയൊരു പുഞ്ചിയിലൂടെ സാഹോദര്യത്തിൻെറ ആയിരം വാക്കുകൾ അദ്ദേഹം വിളിച്ചോതി. സമാധാനത്തിൻെറ പ്രസക്തിക്ക് അടിവരയിട്ടു. വിദ്വേഷത്തിൻെറയോ അമർഷത്തിൻെറയോ ചെറുചലനം പോലും അദ്ദേഹം പ്രകടിപ്പിച്ചില്ല.

കേരളത്തിൽ കലാപത്തെ അകറ്റി നിർത്തുന്നതിൽ ശിഹാബ് തങ്ങൾ വഹിച്ച പങ്ക് വലുതാണ്. അക്രമത്തിലേക്ക് പോകാൻ വെമ്പിയ ജനതയെ ശാന്തിയുടെ മന്ത്രമോതി ഒതുക്കി നിർത്തിയ ആജ്ഞാശക്തിയായിരുന്നു അദ്ദേഹം. ഇന്ത്യൻ രാഷ്ട്രീയത്തിൽ വർഗീയത തലപൊക്കിയ തൊണ്ണൂറുകളിൽ, കേരളത്തെ ശാന്തിയുടെ തീരമാക്കി നിർത്തിയ വികാരത്തിന് പിന്നിലെ ഊർജ്ജം അദ്ദേഹമായിരുന്നു. ബാബരി മസ്ജിദ് തകർക്കപ്പെട്ടപ്പോൾ രാജ്യമാകെ വർഗീയനാളങ്ങൾ ആളിയപ്പോൾ കേരളത്തിൽ സമാധാനത്തിൻെറ ധ്വനി മുഴക്കാനുള്ള പക്വതയും ആത്മധൈര്യവും അദ്ദേഹം കാട്ടി. മുസ്ലിം സമുദായത്തിലെ ചെറുപ്പക്കാരെ കലാപത്തിൽ നിന്ന് പിന്തിരിപ്പിച്ചതിൽ അദ്ദേഹം വഹിച്ച പങ്ക് കേരള ചരിത്രത്തിൻെറ ഭാഗമാണ്.

ബാബരി മസ്ജിദ് തകർച്ചയെ തുടർന്ന് മുസ്ലിം ലീഗ് സ്വീകരിച്ച നിലപാട് മുസ്ലിം സമുദായത്തിനുള്ളിൽ തന്നെ വിമർശനത്തിന് വഴിയൊരുക്കിയതാണ്. എന്നാൽ, ക്ഷണികമായ വികാരപ്രകടനത്തിനപ്പുറം കാലത്തിൻെറ വിദൂരതയിൽ സമാധാനത്തിൻെറ ആവശ്യമെന്തെന്ന് അദ്ദേഹം നോക്കി കണ്ടു. കുറച്ചു വാക്കുകൾ കൊണ്ട് അദ്ദേഹം ഭിന്നിപ്പിൻെറ അപകടങ്ങളെ വിവരിച്ചു. ഒന്നിച്ചു നിൽക്കേണ്ടതിൻെറ ആവശ്യകത ലോകത്തെ ഓർമ്മിപ്പിച്ചു. അടുത്ത കാലത്ത് മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണക്കടുത്ത് തളിക്ഷേത്രത്തിൻെറ വാതിൽ സാമൂഹ്യവിരുദ്ധർ കത്തിച്ചപ്പോൾ സമാധാനത്തിൻെറ ദൂതനായി ആദ്യമെത്തിയത് ശിഹാബ് തങ്ങളായിരുന്നു. ക്ഷേത്രവാതിൽ കത്തിച്ചതുമായി ബന്ധപ്പെട്ട അഭ്യൂഹങ്ങൾ അക്രമത്തിലേക്ക് വഴിമാറും മുമ്പേ അദ്ദേഹം ഗോപുരവാതിലിനു മുന്നിലെത്തി സമാധനത്തിൻെറ സന്ദേശമോതിയത്, വലിയൊരു വിപത്തിനെയാണ് അകറ്റി നിർത്തിയത്.

പാണക്കാട് കൊടപ്പക്കൽ തറവാട് എന്നും ആ മഹദ് ജീവിതത്തിൻെറ നേർകാഴ്ചയായിരുന്നു. ഒരിക്കലും അടച്ചിടാത്ത ഗേറ്റുള്ള ആ വീടിൻെറ കോലായയിൽ നിരവധി പേരാണ് ജീവിതത്തിൻെറ സമസ്യകൾക്ക് ഉത്തരം തേടിയെത്തിയത്. രാഷ്ട്രീയ പ്രശ്നങ്ങളുമായി വരുന്നവർ മുതൽ രോഗബാധിതരായി എത്തുന്നവർ വരെ ആ തറവാട്ടു മുറ്റത്തിരുന്ന് ശിഹാബ് തങ്ങളുടെ സ്നേഹം തുളുമ്പുന്ന ഉപദേശങ്ങൾക്ക് കാതോർത്തു. വേദന തിങ്ങിയ ശരീരവും മനസ്സുമായി വന്നവർ സ്നേഹത്തിൻെറ നിശ്വാസമേറ്റു വാങ്ങി സന്തോഷത്തോടെ തിരിച്ചു പോയി. പിതാവിന് ശേഷം കൊടപ്പനക്കൽ വീടിൻെറ ഉമ്മറത്ത് സമൂഹത്തിന് വെളിച്ചമായി അദ്ദേഹമുണ്ടായിരുന്നു.

ആഗോളതലത്തിൽ വിദ്യാഭ്യാസം നേടുകയും അതിൻെറ മഹത്വം കൊച്ചു കേരളത്തിൽ പ്രതിഫലിപ്പിക്കുകയും ചെയ്ത വ്യക്തിത്വമായിരുന്നു ശിഹാബ് തങ്ങളുടേത്. ലോക രാഷ്ട്രങ്ങളിൽ സഞ്ചരിച്ചും വ്യത്യസ്ത സംസ്കാരങ്ങളെ അടുത്തറിഞ്ഞും അദ്ദേഹം നേടിയ അനുഭവം ജീവിതത്തിന് വിശാലമായ കാഴ്ചപ്പാടുണ്ടാക്കി. ആ കാഴ്ചപ്പാടാണ് കേരളത്തിന് സമാധാനത്തിൻെറയും ശാന്തിയുടെയും തണലാക്കി അദ്ദേഹം വിരിച്ചു കൊടുത്തത്. ആ തണൽ മലയാളിയുടെ മനസ്സിൽ ശാന്തിയുടെ കുളിരു പരത്തി നിൽക്കും.

ഗൾഫിൽ ആതുര സേവന രംഗത്ത് പ്രവർത്തിക്കുന്ന ഞങ്ങളുടെ ഷിഫാ അൽ ജസീറ ഗ്രൂപ്പ് പോലുള്ള സ്ഥാപനങ്ങൾക്ക് മുഹമ്മദലി ശിഹാബ് തങ്ങൾ പ്രചാദനമായിരുന്നു. നാട്ടിലുള്ളപ്പോഴും ഗൾഫ് സന്ദർശിക്കുമ്പാഴും അദ്ദേഹം പ്രവാസികളുടെയും അവരുടെ കുടുംബത്തിന്റെയും ക്ഷേമത്തിന് വേണ്ടി പ്രാർത്ഥിക്കുമായിരുന്നു. ശിഹാബ് തങ്ങളുടെ മരണവാർത്തയറിഞ്ഞ് ഗൾഫിൽ നിന്ന് എന്നെപ്പോലെയുള്ള നിരവധി പ്രവാസികൾ പാണക്കാടെത്തിയതിന് പിന്നിൽ ആ സ്നേഹത്തിന്റെ കാന്തിക ശക്തിയായിരുന്നു.



സി. എം. മുഹമ്മദ് യൂസഫ് ഹാജിയുടെ ( അൽ ഖയാം ഗ്രൂപ്പ്) നിക്കാ...
പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ



പാണക്കാട്
നടന്ന
പ്രാർത്ഥനാ

